# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 29** **February 2016** **No.10**

# എഡിറ്റോറിയൽ

അക്രമവും തീവ്രവാദവും കുലപാതകവും ലോകത്തിൽ വർദ്ധിച്ചു കൊണ്ടാണിരിക്കുന്നത്. ആളുകൾ പല രീതിയിലാണ് ഓരോന്നിനോട് പ്രതികരിക്കുന്നത്. യുവാക്കളെ തിരഞ്ഞെടുത്ത് നശീകരണശക്തി പരിശീലിപ്പിച്ച് തങ്ങൾക്കിഷ്ടമില്ലാത്ത രാജ്യത്തിലെ നിരപരാധികളായ ആളുകളെ ബന്ധികളാക്കി പിടിച്ചെടുത്ത് അവരുടെ ആവശ്യങ്ങൾ അധികാരികളെ അറിയിക്കുന്നത് ഭീഷണിയിലൂടെയാണ്. ചാവേർ ആക്രമണം നടത്തി ആളുകളെ കൊന്നൊടുക്കുവാൻ യുവാക്കളെ പരിശീലിപ്പിക്കുന്നു. തിന്മയെ തിന്മകൊണ്ട് നേരിടുക എന്ന തത്വമാണ് അവർക്കുള്ളത്. ഇത് പ്രാകൃതവും പൈശാചികവുമായ രീതിയാണ്. പ്രതികാരവും പകയും വിദ്വേഷവും വളർത്തുന്നത് ഏത് സമൂഹത്തിലായാലും അത് അവരെ നശിപ്പിക്കുന്നതാണ്. പകരം വീട്ടൽ ഒന്നിനും പരിഹാരമല്ല. എന്നു മാത്രമല്ല അത് പ്രശ്നം വഷളാക്കുകയേ ഉള്ളു. ഏതൊരു പ്രകോപനമായ സംഭവത്തേയും നാം സമചിത്തതയോടെ നേരിടണം.

കണ്ണിന് പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നിങ്ങനെയുള്ള പകരം വീട്ടൽ നിയമം ഒരു സമൂഹത്തിനും ഗുണം ചെയ്യുകയില്ല. മരണയോഗ്യമായ കുറ്റകൃത്യം ചെയ്തയാളെ മുൻപ് പരസ്യമായി കല്ലെറിഞ്ഞു കൊല്ലുമായിരുന്നു. എന്നാൽ ഈ കാലത്ത് കോടതി ഒരാളെ മരണശിക്ഷക്ക് വിധിച്ചാൽ അയാളെ ചുരുങ്ങിയ ആളുകളുടെ സാന്നിധ്യത്തിൽ രഹസ്യമായി തൂക്കി കൊല്ലുകയാണ് പതിവ്. ഒരു കുറ്റവാളിയെ തൂക്കി കൊല്ലുന്നതിനെ സംബന്ധിച്ച് നിയമം നിലനിൽക്കുമ്പോൾ തന്നെ അതിനെ എതിർക്കുന്നവർ ധാരാളം ഉണ്ട്. അയാൾക്ക് കുറ്റകൃത്യങ്ങ

ളിൽനിന്ന് പിന്തിരിയുവാൻ അവസരം കൊടുക്കണം എന്ന് വാദിക്കുന്ന വരുണ്ട്. കൂടാതെ അയാളെ ആശ്രയിച്ച് കഴിയുന്ന ആളുകളെ ഓർത്ത് അയാൾക്ക് മാപ്പ് കൊടുക്കണമെന്ന് പറയുന്നവരും കാണും. നിയമത്തെ ലംഘിക്കുന്നവരെ ശിക്ഷിക്കാതിരുന്നാൽ അത് മറ്റുള്ളവർക്ക് പ്രചോദന മായേക്കാം എന്നു ചിന്തിക്കുന്നവർ ഇല്ലാതില്ല. നാം ജീവിക്കുന്ന കാലയ ളവിൽ ദൈവികനിയമവും രാജ്യത്തിന്റെ നിയമവും പാലിക്കണം. അതിന് ആർക്കും ഒഴികഴിവില്ല എന്നതാണ് പരമാർത്ഥം. പക്ഷെ ആളുകൾ പല പ്പോഴും ന്യായത്തിനു പകരം അന്യായം ചെയ്യുവാൻ ഇഷ്ടപ്പെടുന്നു. സ്വാർത്ഥതയാണ് ആളുകളെ അതിന് പ്രേരിപ്പിക്കുന്നത്.

മനുഷ്യർ ഏതു രാജ്യത്തിൽ ജീവിച്ചാലും അവർ ദൈവവുമായുള്ള ബന്ധത്തിൽ ദൈവ നിയമപ്രകാരം ജീവിക്കുവാൻ ആഗ്രഹിച്ചാൽ അവർ മറ്റുള്ളവർക്ക് ദോഷം സംഭവിക്കണമെന്ന് ചിന്തിക്കുകയോ അങ്ങനെ പ്രവർത്തിക്കുകയോ ചെയ്യുകയില്ല. കാരണം ദൈവം സ്നേഹമാണ്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് ആരെയും ഉപദ്രവിക്കുവാൻ തോന്നു കയില്ല. അദൃശ്യനായ ദൈവത്തെ ആരും കണ്ടിട്ടില്ല എന്നത് അറിയാമ ല്ലോ. വിശ്വാസത്താലാണ് നാം അവനെ പ്രസാദിപ്പിക്കേണ്ടത്. അനുസര ണത്തിലൂടെ അവനെ സ്നേഹിക്കയും വേണം. ദൈവഭയമുള്ളവർക്ക് ആർക്കും ആരെയും ഉപദ്രവിക്കുവാൻ കഴിയുകയില്ല. തന്നെയുമല്ല, കർത്താവ് പഠിപ്പിച്ചിരിക്കുന്നത് ശത്രുക്കളെ പോലും സ്നേഹിക്കുവാ നാണ്. ശത്രുത ഇല്ലാതാക്കുവാനാണ് യേശു അങ്ങനെ കൽപിച്ചത്. സാഹോദര്യ സ്നേഹത്തിൽ ജീവിക്കുവാനാണ് മനുഷ്യരെ ദൈവം സൃഷ്ടിച്ചത്. അല്ലാതെ ആരെയും നശിപ്പിക്കുവാനോ കൊല്ലുവാനോ അല്ല. ദൈവം ആഗ്രഹിക്കുന്നതുവരെ തലമുറകൾ നിലനിൽക്കണം. പക്ഷെ ദൈവമനസ്സിൽ അതിന് ഒരു അവസാനമുണ്ട് എന്നത് വാസ്ത വമാണ്. നമുക്ക് ആർക്കും ജീവനെ എടുക്കുവാൻ അവകാശമില്ല, കാരണം നമ്മെ പോലെ അവർക്കും ഈ ഭൂമിയിൽ ജീവിക്കുവാൻ അവ കാശമുള്ള കാര്യം നാം വിസ്മരിക്കരുത്, എല്ലാവരും സകല അധികാര വുമുള്ള കർത്താവിൽ വിശ്വസിച്ച് പാപങ്ങളിൽനിന്നു പൂർണ്ണമായി വിട്ടു തിരിഞ്ഞ് യേശു ദൈവപുത്രനാണെന്ന വിശ്വാസം ഏറ്റു പറഞ്ഞ് പിതാ വിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏറ്റ് കഴിയുമ്പോൾ നിങ്ങളുടെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം അവൻ ക്ഷമിക്കുകയും പരിശുദ്ധാത്മാവിനെ ദാനമായി നിങ്ങളിൽ തരികയും ചെയ്യും. തുടർന്ന് മരണത്തോളം അവന്റെ വചനപ്രകാരം ജീവിച്ചാൽ അവൻ നിങ്ങൾക്ക് നിത്യജീവൻ നൽകും.

★

# ക്രിസ്ത്യാനികൾ പിൻപറ്റുന്ന യേശു ക്രിസ്തു ആരാണ്?

## *J.C.* ചോട്ട്

യേശുക്രിസ്തുവിനെ കുറിച്ച് കേട്ടിട്ടുള്ള പലരും പരിഭ്രാന്തരാണ്. അവൻ വാസ്തവത്തിൽ ആരാണെന്ന് അറിയാത്തവർ ധാരാളമുണ്ട്. കോടിക്കണക്കിന് ആളുകൾ അവനിൽ വിശ്വസിക്കുകയും കോടിക്കണക്കിന് ആളുകൾ അവനിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നു. ആരാണ് ഈ യേശുക്രിസ്തു?

പ്രാരംഭത്തിൽ യേശു ദൈവത്തോടുകൂടെ ആയിരുന്നു. എബ്രായർ 1:3 വിവരിക്കുന്നത് അവൻ ദൈവത്തിന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമാണെന്നത്രെ. ആദിയിൽ വചനമുണ്ടായിരുന്നു വചനം ദൈവമായിരുന്നു എന്ന് ക്രിസ്തുവിനെ കുറിച്ച് യോഹന്നാൻ 1:1 ൽ വിവരിച്ചിരിക്കുന്നു. അതിനർത്ഥം അവൻ ദൈവത്തോടും പരിശുദ്ധാത്മാവോടും കൂടെ ആയിരുന്ന ഒരു വ്യക്തിയായിരുന്നു എന്നാണ്. ആദിയും അന്ത്യവും ഇല്ലാത്ത നിത്യനാണ് ദൈവം. അതുപോലെ യേശുക്രിസ്തുവും എന്നേക്കുമുള്ളവനാണ് (യെശയ്യാവ് 63:16). അവൻ ഇന്നലെയും ഇന്നും എന്നും അനന്യനാണ് (എബ്രായർ 13:8). സൃഷ്ടിത്വത്തിന്റെ ആരംഭത്തിൽ തന്നെ അവൻ ഉണ്ടായിരുന്നു (വെളിപ്പാട് 3:14). അവൻ ആൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു (വെളിപ്പാട് 22:13).

സകലത്തെയും സൃഷ്ടിച്ചവനാണ് യേശുക്രിസ്തു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് നാം ഉൽപത്തി 1:1 ൽ വായിക്കുന്നു. ദൈവം എന്ന എബ്രായ വാക്ക് ബഹുവചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതിൽ പിതാവായ ദൈവം, യേശുക്രിസ്തു എന്ന ദൈവം, പരിശുദ്ധാത്മാവ് എന്ന ദൈവം ഉൾപ്പെടുന്നതാണ്. നമുക്ക് നമ്മുടെ സാദൃശത്തിൽ മനുഷ്യനെ ഉണ്ടാക്ക എന്ന് ഉൽപത്തി 1:26 ൽ രേഖപ്പെടുത്തിയിരിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് യേശുക്രിസ്തുവിനെ കുറിച്ച് കൊലൊസ്യർ 1:16, 17 ൽ പറയുന്നു, "ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാക

ട്ടെ, വാഴ്ച്ചകളാകട്ടെ അധികാരങ്ങളാകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സകലത്തിന്നും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു." മനുഷ്യർ പാപം നിമിത്തം മരിച്ചുകൊണ്ടിരുന്ന സാഹചര്യം ഒഴിവാക്കുവാൻ ദൈവ പദ്ധതിയുടെ ഭാഗമായി യേശു കന്യകയായിരുന്ന മറിയയിൽ കൂടെ ഭൂജാതനായി. ഭൗതികമായ ബന്ധം കൂടാതെ പരിശുദ്ധാത്മാവിനാലായിരുന്നു അവൾ ഗർഭിണിയായത്. അത് ദൈവദൂതൻ മറിയയെയും അവളെ വിവാഹനിശ്ചയം ചെയ്തിരുന്ന യോസേഫിനേയും അറിയിച്ചിരുന്നു. അവന്റെ ജനനത്തിന്റെ പ്രത്യേകത യെശയ്യാ പ്രവാചകൻ മുഖാന്തരം മുൻകൂട്ടി അറിയിച്ചിരുന്നു. മാത്രമല്ല അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കേണം എന്നു കൽപിച്ചിരുന്നതനുസരിച്ചാണ് അവന് ആ പേർ വിളിച്ചത്. അവന്റെ ജനനത്തെ കുറിച്ച് പുതിയ നിയമത്തിൽ നാം വായിക്കുന്നത്, "അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു" (മത്തായി 1:21).

യേശു ദൈവത്തിന്റെ പുത്രനാകുന്നു. ദൈവത്തോടുകൂടെ ആയിരുന്ന യേശു തന്നെത്താൻ ഒഴിച്ചു, തന്നെത്താൻ താഴ്ത്തി ഭൗതികശരീരമെടുത്തു ഭൂമിയിൽ ജീവിച്ചു (ഫിലിപ്പിയർ 2:3-8), മനുഷ്യരെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനാണ് അവൻ ലോകത്തിലേക്ക് വന്നത്. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് (ലൂക്കൊസ് 19:10). താൻ ദൈവപുത്രൻ എന്നു തെളിയിക്കുവാൻ യേശു അത്ഭുതങ്ങളും വീര്യപ്രവർത്തികളും ചെയ്തു.അവന്റെ അത്ഭുതങ്ങളെ കുറിച്ച് യോഹന്നാൻ എഴുതിയിരിക്കുന്നത്, "ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇത് എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:30-31).

യേശുക്രിസ്തു ക്രൂശിൽ മരിച്ചതിനാൽ അവനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നൽകുവാൻ അവനു കഴിയുന്നു. അപ്പൊസ്തലനായ പൗലൊസ് സുവിശേഷത്തെ കുറിച്ച് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക, "എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോട് സുവിശേഷിച്ചതും നിങ്ങൾക്ക് ലഭിച്ചതും നിങ്ങൾ നിൽക്കുന്നതും നിങ്ങൾ വിശ്വസിച്ചതും

വ്യർത്ഥമാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്ന വിധം നിങ്ങളോട് സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്ത്രിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നെ നിങ്ങൾക്ക് ഏൽപിച്ചു തന്നുവല്ലൊ" (1 കൊരിന്ത്യർ 15:1–4).

തന്നെ അനുസരിച്ച് തന്റെ ഭവനത്തിലായവരെ രക്ഷിക്കുമെന്നാണ് യേശുക്രിസ്തു വാഗ്ദാനം ചെയ്തത്. അതിനെ "എന്റെ സഭ" എന്നാണ് അവൻ പറഞ്ഞിരിക്കുന്നത് (മത്തായി 16:18). തന്റെ രക്തം കൊടുത്ത് സമ്പാദിച്ച സഭയെ വിശുദ്ധയും നിഷ്ക്കളങ്കയുമായി നിർത്തുവാനാണ് അങ്ങനെ ചെയ്തത്. സഭയെ തന്റെ ശരീരമെന്നാണ് അവൻ അരുളിച്ചെയ്തത്. തന്റെ നാമം ധരിക്കുന്ന മണവാട്ടിയായും സഭയെ വിശദമാക്കിയിരിക്കുന്നു. യേശുക്രിസ്തു എന്ന നാമത്തിലല്ലാതെ മറ്റൊരു നാമത്തിലും രക്ഷയില്ല എന്ന് ദൈവത്തിന്റെ വചനം സ്പഷ്ടമായി പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 4:12). അവൻ ഒരിക്കൽ വീണ്ടും വന്ന് ആ ശരീരത്തിലെ ആളുകളെ ചേർത്തുകൊള്ളും എന്നു മുന്നറിയിച്ചിരിക്കുന്നു. ദൈവിത്വത്തിലെ രണ്ടാമത്തെ വ്യക്തിയാണ് യേശുക്രിസ്തു (മത്തായി 28:18–20). പിതാവ് ഒരുവൻ, കർത്താവ് ഒന്ന്, ആത്മാവും ഒരുവൻ (എഫെസ്യർ 4:1–6). സ്വർഗത്തിലും ഭൂമിയിലും സകല അധികാരവുമുള്ള യേശുക്രിസ്തു രാജാധിരാജാവും കർത്താധികർത്താവുമായി വാഴുകയാണ് (വെളിപ്പാട് 17:14). നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, ദൈവത്തിലും തന്നിലും വിശ്വസിപ്പിൻ എന്നും തന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടെന്നും താൻ പോകുന്നത് തന്റെ ശിഷ്യന്മാരെ അവിടേക്ക് ചേർക്കുവാനാണെന്നും അവൻ ഉറപ്പ് നൽകിയിരിക്കുന്നത് നമുക്ക് ആശ്വാസം ഏകുന്നു(യോഹന്നാൻ 14:1–3).

നിങ്ങൾ ഈ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുവോ? "ഞാൻ അങ്ങനെയുള്ളവൻ എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്ന് യേശു മുന്നറിയിച്ചിരിക്കുന്നു (യോഹന്നാൻ 8:24). അവനിൽ വിശ്വസിക്കുക എന്നു പറഞ്ഞാൽ അവനെ അനുസരിക്കുന്നതും ഉൾപ്പെടുന്നു. അനുസരണത്തിൽ അവൻ കൽപിച്ചിരിക്കുന്നതെല്ലാം അടങ്ങിയിരിക്കുന്നു. അതിൽ സ്നാനവും ഉൾപ്പെടുന്നു. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" എന്നാണ്

കർത്താവ് അരുളിച്ചെയ്തിരിക്കുന്നത് (മർക്കൊസ് 16:16).

യേശുക്രിസ്തു സ്വർഗത്തിനും ഭൂമിക്കും നാഥനാണ്. അവൻ കരുണയും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ടാണ് നമ്മുടെ നാശം ഒഴിവാക്കിയത്. ദൈവനീതി പൂർണ്ണമായി നടപ്പാക്കിയവനാണ് ക്രിസ്തു. അവൻ ദൈവത്തെ പ്രസാദിപ്പിച്ച് അവന്റെ ഇഷ്ടം ഭൗമികമായ ജീവിതത്താൽ നിറവേറ്റി. ഈ ലോകത്തിലെ സർവ്വ മനുഷ്യർക്കും അവൻ കുറ്റരഹിതനായ മഹാപുരോഹിതനായി ദൈവസന്നിധിയിൽ സേവ ചെയ്തുകൊണ്ടിരിക്കുകയാണ്. ആകയാൽ നമുക്ക് ധൈര്യത്തോടെ ദൈവമുമ്പാകെ ചെല്ലുവാൻ കഴിയുന്നു. വിശ്വാസത്താൽ ലോകത്തെയും പരീക്ഷണത്തെയും അതിജീവിച്ചവനാണ് ക്രിസ്തു. നമുക്കും ലോകത്തെ ജയിക്കുവാനായി കഴിയും. ലോകത്തെ ജയിക്കുന്ന ജയം എന്നു പറയുന്നത് നമ്മുടെ വിശ്വാസമാണ്. പാപപരിഹാരം അവൻ പൂർണ്ണമാക്കി.

നമ്മെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും അധികാരമുള്ള ഏക കർത്താവിനെ അവന്റെ വചനപ്രകാരം വിശ്വസിച്ച് പാപങ്ങളിൽനിന്ന് പൂർണ്ണമായ മോചനത്തിന് അവനെ ആശ്രയിക്കുക. സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും അവനാണ് ഉള്ളത്. നിങ്ങൾ കർത്താവിന്റെ സഭയിൽ പ്രവേശിച്ചിട്ടുണ്ടോ? നിങ്ങൾ ദൈവത്തെ അവന്റെ സഭയിൽ വിശ്വസ്തമായി ജീവിച്ച് ആരാധിക്കുക. മരണപര്യന്തം വിശ്വസ്തത നിത്യജീവൻ ലഭിക്കുവാൻ ആവശ്യമാണ്. മരണശേഷം എല്ലാവരേയും ന്യായം വിധിക്കുന്നവൻ കർത്താവാണ് എന്നോർക്കുക. അതുകൊണ്ട് അവനെ അനുസരിക്കുവാൻ അമാന്തം വിചാരിക്കരുത്. നാം ദൈവത്തെ പരീക്ഷിക്കരുത്. മരണ ശേഷം ദൈവത്തെ അനുസരിക്കുവാൻ ആർക്കും അവസരം ലഭിക്കുകയില്ല എന്നതു സ്പഷ്ടമാണ്. കർത്താവേ കർത്താവേ എന്നു വിളിക്കുന്നവൻ ഏവനുമല്ല, സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗത്തിൽ പ്രവേശിക്കുന്നത് (മത്തായി 7:21). ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും അവസാനം നിത്യശിക്ഷാവിധിയാണുള്ളത് എന്ന സത്യം ആരും മറക്കരുത്. ആരു നശിച്ചുപോകണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാവരും ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ രക്ഷ പ്രാപിക്കുവാനാണ് രക്ഷ സൗജന്യമാക്കി വെച്ചിരിക്കുന്നത്. ദൈവകൃപയാൽ പാപമോചനം സാധ്യമാക്കിയ കർത്താവാണ് കൽപിച്ചിരിക്കുന്നത്. അത് വ്യർത്ഥമാക്കരുത്.

✶

# ഞാൻ എന്തുകൊണ്ട് ക്രിസ്ത്യാനി ആയി?

## ജോൺ എം ബ്രൗൺ

ക്രിസ്ത്യാനി ആകുക എന്നു പറഞ്ഞാൽ എന്താണ്? എങ്ങനെയാണ് ഒരാൾ ക്രിസ്ത്യാനി ആകുന്നത്? പല കാരണങ്ങളാൽ ആളുകൾ ക്രിസ്ത്യാനികളാകുന്നു എന്നത് വാസ്തവമാണ്. അപ്പൊസ്തലനായ പൗലൊസ് കൊലൊസ്യയിലെ ക്രിസ്ത്യാനികൾക്ക് എഴുതിയത് പരിശോധിച്ചശേഷം നമുക്ക് കാരണങ്ങളിലേക്ക് കടക്കാം. "ആകയാൽ നിങ്ങൾ കർത്താവായ യേശുക്രിസ്തുവിനെ കൈക്കൊണ്ടതുപോല അവന്റെ കൂട്ടായ്മയിൽ നടപ്പിൻ. അവനിൽ വേരൂന്നിയും അത്മീകവർദ്ധന പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചുതന്നതിനൊത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ. തത്വജ്ഞാനവും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അത് മനുഷ്യരുടെ സമ്പ്രദായത്തിന്ന് ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്ന് ഒത്തവണ്ണമുള്ളതല്ല. അവനിലല്ലൊ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപത്തിൽ വസിക്കുന്നത്. എല്ലാ വാഴ്ച്ചക്കും അധികാരത്തിനും തലയായിരിക്കുന്ന അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" (കൊലൊസ്യർ 2:6–10).

ക്രിസ്ത്യാനി എന്തവകാശമാക്കുന്നു എന്നതിനാലാണ് ഞാൻ ക്രിസ്ത്യാനിയായത്. ഒരു ദൈവപൈതലിന്ന് എന്താണ് അവകാശമായി ലഭിക്കുന്നത്? ക്രിസ്തുവിൽ നമുക്ക് പാപമോചനം ഉണ്ട് (മത്തായി 26:28). ദൈവവുമായി ശരിയായ ഒരു ബന്ധവും കൂട്ടായ്മയും ലഭിക്കുന്നു. അതോടൊപ്പം മറ്റു സഹോദരീസഹോദരങ്ങളുമായി ബന്ധപ്പെടുവാൻ കഴിയുന്നു (1 യോഹന്നാൻ 1:3, 7). ദൈവമക്കളായി തീരുന്നവർക്ക് നിത്യജീവൻ എന്ന പ്രത്യാശ നിലനിൽക്കുന്നു. കൂടാതെ പ്രാർത്ഥനക്കുള്ള അവസരവും ലഭിക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കുവാനും അതിന് മറുപടി ലഭിക്കുവാനും കഴിയുന്നത് ദൈവമക്കൾ ആകുമ്പോഴാണ്. ലോകത്തിന് ലഭിക്കുവാൻ

കഴിയാത്തത് ക്രിസ്ത്യാനിയാകുമ്പോൾ ദൈവം നമുക്ക് നൽകുന്നു. മക്കൾക്ക് ലഭിക്കുന്നത് മക്കളാകാത്തവർക്ക് ലഭിക്കുകയില്ല. ഭവനത്തിൽ ജനിക്കുന്നവർക്കാണ് ആ ഭവനത്തിലെ ഓഹരിക്ക് അവകാശമുള്ളത്. പാപത്തിന്റെ ശക്തിയിൽ നിന്നു സ്വതന്ത്രരാകുന്നത് നാം ക്രിസ്തുവിലാകുമ്പോഴാണ് (റോമർ 6:1-14). ക്രിസ്തുവിലാകുന്നവർക്ക് ജീവിതാവസാനത്തോളം ധാരാളം കാര്യങ്ങൾ ലഭിക്കുന്നു. ഒരിക്കലും കുറയാത്ത സ്നേഹം നമ്മിലേക്ക് പകരുന്നു. ഒരിക്കലും നീങ്ങിപ്പോകാത്ത നീതി നമ്മിൽ കണക്കാക്കുന്നു. ഒരിക്കലും പൂർണ്ണമായി മനസിലാക്കുവാൻ കഴിയാത്ത സമാധാനം നമ്മിൽ വരുന്നു. ഒരിക്കലും മങ്ങിപ്പോകാത്ത സന്തോഷം അനുഭവിക്കുവാൻ കഴിയും. ആർക്കും തകർക്കുവാൻ കഴിയാത്ത വിശ്രമം നമുക്ക് അവകാശമാക്കുവാൻ കഴിയും. ഒരിക്കലും നിരാശപ്പെടുത്താത്ത പ്രത്യാശയാണ് അപ്പോൾ നമുക്ക് ഉള്ളത്.

ക്രിസ്തുവിൽ നിലനിൽക്കുന്നവർക്കുള്ള മഹത്വകീരീടം ഒരിക്കലും മങ്ങിപ്പോകാത്തതാണ്. ഒരിക്കലും ഇരുളാത്ത പ്രകാശം നൽകുന്ന വെളിച്ചമാണ് എന്നേക്കും ലഭിക്കുന്നത്. മലിനപ്പെടാത്ത ഒരു നിർമ്മലത അഥവാ വിശുദ്ധിയാണ് ദൈവത്തിൽനിന്നു അനുഭവപ്പെടുന്നത്. ഒരിക്കലും മരിക്കാത്ത ജീവിതം അഥവാ നിത്യജീവൻ തന്റെ മക്കൾക്ക് അവകാശമാക്കുവാൻ കഴിയും. വളരെ പ്രസിദ്ധമായ സങ്കീർത്തനം 23 ൽ ദാവീദ് പറയുന്നു, "യഹോവ എന്റെ ഇടയനാകുന്നു; എനിക്ക് മുട്ടുണ്ടാകയില്ല. പച്ചയായ പുൽപുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു. സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്ക് അവൻ എന്നെ നടത്തുന്നു. കൂരിരുൾ താഴ്വരയിൽ കൂടെ നടന്നാൽ ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ." ഒരർത്ഥത്തിൽ നാമെല്ലാം മരണത്തിന്റെ താഴ്വരയിൽകൂടെയാണ് നടന്നുകൊണ്ടിരിക്കുന്നത്. മരണത്തെയാണ് നമ്മളെല്ലാം ഭയപ്പെടുന്നത് (എബ്രായർ 9:27). പക്ഷെ ക്രിസ്ത്യാനികൾക്ക് ഈ ജീവിതത്തിനപ്പുറത്തേക്ക് പ്രത്യാശയുള്ളത് നമ്മെ ഉത്തേജിപ്പിക്കുകയും ത്രസിപ്പിക്കുകയും ചെയ്യുന്നു.

ക്രിസ്ത്യാനി എന്താണ് അവകാശമാക്കുന്നത്? യേശുക്രിസ്തു പറഞ്ഞു, "അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനുമാണ് ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). നന്ദി നിമിത്തമാണ് ഞാൻ ക്രിസ്ത്യാനിയായി തീർന്നത്. യേശു നമുക്ക് വേണ്ടി എന്താണ് ചെയ്തത്? പാപം എന്തെന്നറിയാത്തവൻ നമുക്ക് വേണ്ടി പാപം ആയി എന്നാണ് ബൈബിളിൽ നാം വായിക്കുന്നത്. അത് പാപികളായിരുന്ന നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനാണ് (2 കൊരിന്ത്യർ 5:21). സർവ്വലോകത്തിനും വേണ്ടി മരിച്ച യേശു മരണം ആസ്വദി

ക്കയായിരുന്നു (2 കൊരിന്ത്യർ 5:14; എബ്രായർ 2:9). യേശുവിന്റെ കഷ്ടതയെയും ത്യാഗത്തെയും കാണുമ്പോൾ, പാപത്തിന്റെ കാഠിന്യത്തെയും ദൈവത്തിന്റെ സ്നേഹത്തിന്റെ മാഹാത്മ്യത്തെയും ക്രിസ്തുവിന്റെ ഔദാര്യപൂർവ്വമായ ദാനത്തെയും തിരിച്ചറിയുവാൻ കഴിയും. യേശുവിന്റെ പുറത്ത് ഏറ്റ ചാട്ടവാറടിയും അവൻ വഹിച്ച ക്രൂശും, അവന്റെ ശരീരത്തിൽനിന്നും ഒഴുകിയ രക്തവും നമ്മുടെ വിശ്വാസ കണ്ണാൽ നാം നോക്കി കാണണം. സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് വന്ന മനുഷ്യപുത്രൻ സ്വർഗത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങി കിടന്ന രംഗം മനസിൽ കാണുക.

"എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?" എന്നായിരുന്നു ക്രൂശിൽ വേദനയേറ്റ യേശു പിതാവിനോട് നിലവിളിച്ചത്. അവന്റെ വേദനയും, കഷ്ടതയും, തരംതാഴ്ത്തലും, ദാരുണ മരണവും എന്താണ് സൂചിപ്പിക്കുന്നത്? അവൻ നമുക്ക് വേണ്ടി മരിച്ചു എന്നാണ്. നമ്മുടെ അതിക്രമങ്ങൾ നിമിത്തമായിരുന്നു അവൻ മുറിവേറ്റത്. "എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവ് 53:5). യേശു നമുക്ക് വേണ്ടി ചെയ്തതെല്ലാം പരിഗണിക്കുമ്പോൾ നാം എത്രയധികം അവനെ ബഹുമാനിക്കേണ്ടതും, അനുസരിക്കേണ്ടതും, സ്നേഹിക്കേണ്ടതും, സേവിക്കേണ്ടതുമാണെന്ന് തെളിയുന്നു. അവനാണ് നമ്മെ ആദ്യം സ്നേഹിച്ചത്. അങ്ങനെയാണ് നാം സ്നേഹം എന്തെന്ന് അറിഞ്ഞത്. ദൈവം സ്നേഹം തന്നെയാണ്. ഇത്രയും കാര്യങ്ങൾ എനിക്കായി ചെയ്ത വ്യക്തിയെ അനുഗമിക്കുകയല്ലാതെ മറ്റെന്തു ചെയ്യുവാനാണ് കഴിയുക?

നന്ദി നിമിത്തമാണ് അവനെ സ്നേഹിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നത്. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ നിങ്ങൾ എന്റെ കൽപനകളെ പ്രമാണിക്കും എന്നാണ് കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. അത്തരത്തിലുള്ള സ്നേഹവും നന്ദിയും നിമിത്തം എനിക്ക് ക്രിസ്ത്യാനിയാകുവാനല്ലാതെ മറ്റൊന്നിനെ കുറിച്ച് ചിന്തിക്കുവാൻ കഴിയുകയില്ല. എന്താണ് ക്രിസ്ത്യാനിയാകുക എന്നാൽ? ക്രിസ്തുവിനെ അനുഗമിക്കുക എന്നർത്ഥം. തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുവാനാണ് യേശു ഓരോരുത്തരോടും പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിനെ പിൻപറ്റുന്നവർ അവന്റെ ഉപദേശത്തെ അനുസരിക്കും. അവന്റെ ഉപദേശത്തെ വിശ്വസിക്കുന്നവർ അവ്വണ്ണം ജീവിക്കും. പ്രവൃത്തിയില്ലാത്ത വിശ്വാസമല്ല ദൈവം നമ്മിൽനിന്ന് പ്രതീക്ഷി

ക്കുന്നത്. അതേ സമയം വിശ്വാസം കൂടാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാനും സാധ്യമല്ല. നമുക്ക് പിൻപറ്റുവാൻ യേശു ഒരു മാതൃക വിട്ടേച്ചാണ് പോയിരിക്കുന്നത്. അത് നാം അപ്രകാരം ജീവിക്കേണ്ടതിനാണ്. വിശ്വസിക്കാവുന്ന ഏക മാതൃകാ ജീവിതം അത് മാത്രമാണ്.

മനുഷ്യപുത്രനും ദൈവപുത്രനുമായ യേശു ഈ ഭൂമിയിൽ ജീവിച്ചതും ഉപദേശിച്ചതും മനുഷ്യരെ ദൈവത്തോട് ബന്ധിപ്പിക്കേണ്ടതിനായിരുന്നു. അവൻ കൃപയും കരുണയും സ്നേഹവും നിറഞ്ഞവനാണ്. സത്യദൈവം ആരാണെന്ന് ക്രിസ്തു വെളിപ്പെടുത്തി തന്നിരിക്കുന്നു. അത് വിശ്വസിക്കുവാനാണ് നാം ശ്രമിക്കേണ്ടത്. സാത്താൻ മനുഷ്യരിൽ അവിശ്വാസവും സംശയവും ജനിപ്പിക്കുന്നു. എന്നാൽ ദൈവശക്തി അടങ്ങിയിരിക്കുന്നത് അവന്റെ വചനത്തിലാണ്.

നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയി തീർന്നിട്ടുണ്ടോ? അതോ നിങ്ങൾ ഒരു നാമധേയ ക്രിസ്ത്യാനിയാണോ? പാരമ്പര്യം ആരെയും ക്രിസ്ത്യാനി ആക്കുന്നില്ല. ക്രിസ്ത്യാനിയാകുവാൻ എന്തു ചെയ്യണമെന്ന് ബൈബിൾ പറയുന്നത് അനുസരിച്ചാൽ മാത്രമെ ഒരാൾ ക്രിസ്ത്യാനിയാകുന്നുള്ളു. ഒരു നാമധേയ ക്രിസ്തീയ ഭവനത്തിൽ ജനിച്ചതുകൊണ്ടോ പാരമ്പര്യ ആചാരങ്ങൾ അനുസരിച്ചതുകൊണ്ടോ ഒരാൾ ക്രിസ്ത്യാനിയാകുന്നില്ല എന്ന കാര്യം എല്ലാവരും അറിഞ്ഞിരിക്കണം. ആദ്യ ശിഷ്യന്മാർ ഒരു സംവൽസരം ദൈവത്തെ വിശ്വസ്തമായി ആരാധിക്കുകയും അവനെ സേവിക്കുകയും ചെയ്തപ്പോഴാണ് അവർക്ക് ക്രിസ്ത്യാനികൾ എന്ന പേർ ലഭിച്ചത്. അത് എല്ലാവർക്കും ബാധകാണ്.

✶

# ഭൂമിയെ നനക്കുന്ന മഞ്ഞ്

## ജെ എച്ച് മാത്യുസ്

ഭൂമിയും അതിലുള്ളതൊക്കെയും ദൈവം സൃഷ്ടിച്ചതാണ്. സൃഷ്ടിത്വത്തെ കുറിച്ചുള്ള വിവരണങ്ങൾ ഉൽപത്തി പുസ്തകത്തിൽ നമുക്ക് വായിക്കുവാൻ കഴിയും. ദൈവം അത് ഉണ്ടാകട്ടെ എന്ന് അരുളിച്ചെയ്തപ്പോൾ അത് ഉളവായി. കരയും കടലും, വെളിച്ചവും ഇരുട്ടും, കരയിലുള്ളതും കടലിലുള്ളതും ജീവനുള്ളവയും ജീവനില്ലാത്തവയും മനുഷ്യരുടെ ഉപയോഗത്തിനായി ഉണ്ടാക്കിയതാണ്. ഇവയൊന്നും യാദൃശ്ചികമായോ മനുഷ്യരുടെ ഇതിഹാസങ്ങൾ പറയുന്നതുപോലെയോ അല്ലെങ്കിൽ പരിണാമസിദ്ധാന്തം പറയുന്നതുപോലെയോ ഉണ്ടായതല്ല. ഒരു നിർമ്മാതാവിന്റെ കരവിരുത് എല്ലാറ്റിലും നമുക്ക് കാണുവാൻ കഴിയും. അവിശ്വസിക്കുന്നതിനേക്കാൾ പ്രയാസമുള്ളതല്ല അവയെല്ലാം സൃഷ്ടി

ക്കപ്പെട്ടവയാണെന്ന് വിശ്വസിക്കുന്നത്. ദൈവത്തിന്റെ ഉദ്ദേശം തന്റെ സൃഷ്ടികളിൽകൂടെ നിറവേറ്റുവാൻ അവൻ ആഗ്രഹിക്കുന്നു. "ഈ കാണുന്ന ലോകത്തിന്നു ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു" (എബ്രായർ 11:3).

ഈ ലളിതമായ സത്യം പലപ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. ബൈബിൾ ദൈവശ്വാസിയമായ വെളിപ്പെടുത്തിയ സത്യമാണെന്ന് വിശ്വസിക്കുവാൻ കഴിയാത്തവർ അനവധിയാണ്. അതേ സമയം സത്യമല്ലാത്ത പലതും അവർ വിശ്വസിക്കുകയും ചെയ്യുന്നു. മനുഷ്യരെ ഭൂമിയിലാക്കിയത് ദൈവമാണ്. ദൈവമാണ് ഭൂമിയിൽ മഴയും മഞ്ഞും ചെയ്യിക്കുന്നത്. ദൈവം അറിയാതെ സംഭവിക്കുന്നതല്ല ഇവയൊന്നും. ഭൂമിയിൽ ജലപ്രളയം വരുന്നതുവരെ മഴ പെയ്തിരുന്നില്ല എന്നാണ് നമുക്ക് അനുമാനിക്കുവാൻ കഴിയുന്നത്. അന്നുവരെ ദൈവം ഭൂമിയെ നനച്ചത് മഞ്ഞു പെയ്യിച്ചുകൊണ്ടായിരുന്നു. ഉൽപത്തി 2:5, 6 ൽ നാം വായിക്കുന്നു, "യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല. നിലത്ത് വേല ചെയ്യുവാൻ മനുഷ്യരും ഉണ്ടായിരുന്നില്ല. ഭൂമിയിൽനിന്നു മഞ്ഞ് പൊങ്ങി നിലം ഒക്കെയും നനെച്ചു വന്നു." ജലപ്രളയം വരെ ഇതായിരുന്നു അവസ്ഥ. പിന്നീട് തുടരെ മഴ പെയ്തു വന്നു. ഭൂമിയിൽ ദൈവം മനുഷ്യരെ സൃഷ്ടിക്കുന്നതിന് മുൻപ് ഭൂമി പാഴായും ശൂന്യമായും ഇരുന്നു എന്ന് ബൈബിൾ ശ്രദ്ധയോടെ വായിക്കുന്ന ഒരു കുട്ടിക്ക് പോലും മനസിലാക്കുവാൻ കഴിയും. സസ്യങ്ങളോ വൃക്ഷങ്ങളോ ഇല്ലാത്ത ഭൂമിയെ കുറിച്ച് ഒന്ന് ചിന്തിച്ചു നോക്കുക. എന്നാൽ ഇന്നത്തെ അവസ്ഥയും ഒന്ന് ആലോചിച്ചുനോക്കുക. എത്രത്തോളം വ്യത്യാസമാണ് സംഭവിച്ചിരിക്കുന്നത്.

സസ്യങ്ങൾക്ക് മഴ കൂടാതെ നിലനിൽക്കുവാൻ കഴിയുകയില്ല എന്ന് ദൈവത്തിനറിയാം. മനുഷ്യർ അത് പിന്നീട് മനസിലാക്കിയിരിക്കുന്നു. ഇന്ന് സസ്യങ്ങൾക്ക് മഴ കൂടാതെ നിലനിൽക്കുവാൻ കഴിയാത്തതുപോലെ അന്നും കഴിയുകയില്ല. ഇന്ന് ജീവനുള്ളവയെല്ലാം മനുഷ്യരടക്കം സസ്യങ്ങളെ ആശ്രിയിച്ചാണ് ജീവിക്കുന്നത്. നമ്മോട് പറഞ്ഞിരിക്കുന്ന മഞ്ഞ് മഴക്ക് പകരമായി ഭൂമിയെ നനെച്ചിരുന്നതായി കാണാം. ജോലി ചെയ്യുവാൻ മനുഷ്യർ ഇല്ലാതിരുന്ന സമയത്ത് ഏദെൻ തോട്ടത്തെ നനെച്ചത് മഴയാലായിരുന്നില്ല. മഴ എന്നു പറയുന്നത് മഞ്ഞ് അല്ല എന്ന് നമുക്ക് അറിയാം. അത് കടലിലെ ജലം നീരാവിയായി ഉയർന്ന് മേഘമായി തീരുകയും അത് കാറ്റടിച്ച് തണുത്ത് മഴയായി ഭൂമിയിൽ പതിക്കുന്നു. ഇന്ന് അത് സാമാന്യ ബുദ്ധിയുള്ള ആർക്കും മനസിലാക്കാവുന്ന സത്യമാണ്. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള

ദേഹിയായി തീർന്നു. അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടമുണ്ടാക്കി താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി (ഉൽപത്തി 2:7, 8). മനുഷ്യർക്ക് എന്തെല്ലാം ആവശ്യമാണെന്ന് മനുഷ്യരേക്കാൾ നന്നായി അറിയാവുന്ന ദൈവം അവ മുന്നൊരുക്കിയിരുന്നു. പക്ഷെ മനുഷ്യർ സത്യം മനസിലാക്കാതെ പലതും ചെയ്ത് ഇന്ന് ആഗോള പരിസ്ഥിതി തന്നെ മാറ്റി മറിച്ചിരിക്കുകയാണ്. അത് പൊതുവിൽ ജനങ്ങൾ ദൈവിക വ്യവസ്ഥയെ മാനിക്കാതെ ജീവിക്കുന്നതിനാലാണ് എന്നത് നാം തിരിച്ചറിയണം. ദൈവത്തിന്റെ ഉദ്ദേശമെന്തെന്ന് എല്ലാവരും മനസിലാക്കി ജീവിക്കുക എന്നതാണ് പ്രതിവിധി. സൃഷ്ടികർത്താവിനെ മറന്നുള്ള ജീവിതം സൃഷ്ടികളെ പ്രതികൂലമായി ബാധിക്കും എന്നത് ഉറപ്പുള്ള കാര്യമാണ്.

മഴ വരുന്നതിനെ കുറിച്ച് ഇയ്യോബ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക, "അവൻ നീർത്തുള്ളികളെ ആകർഷിക്കുന്നു. അവന്റെ ആവിയാൽ അവ മഴയായി പെയ്യുന്നു. മഴ ഇല്ലെങ്കിൽ അന്തരീക്ഷം ചൂട് പിടിക്കും, ക്രമേണ കൃഷികളെല്ലാം ഉണങ്ങി ഭൂമി വരണ്ടുപോകും. വരൾച്ചയാൽ സസ്യങ്ങൾ മാത്രമല്ല, ജന്തുക്കളും മനുഷ്യരും ചത്തൊടുങ്ങും. നീരാവി എങ്ങനെ മഴയായി തീരുന്നു എന്ന് ഇയ്യോബിന്റെ കാലയളവിൽ ഇയ്യോബ് മനസിലാക്കിയിരുന്നു. ആരംഭത്തിൽ എങ്ങനെ മഴ ലഭിച്ചുവോ അങ്ങനെ തന്നെയാണ് ഇന്നും നമുക്ക് മഴ ലഭിക്കുന്നത്. നമ്മുടെ പിതാവ് കരുണയും മനസലിവും ഉള്ളവനാണ്. അവൻ നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെ മേലും മഴ പെയ്യിക്കുന്നു. അതുപോലെ തന്നെ ആണ് വായുവും സൂര്യപ്രകാശവും യാതൊരു വിവേചനവും കാണിക്കാതെ എല്ലാവർക്കും നൽകുന്നു. മനുഷ്യരുടെ നിലനിൽപിന് അവ ആവശ്യമാണെന്ന് നമ്മുടെ പിതാവിന് അറിയാം. അതെല്ലാം സൗജന്യമായി അനുഭവിക്കുന്ന മനുഷ്യർ എത്രമാത്രം ദൈവത്തെ തിരിച്ചറിയുന്നുണ്ട് എന്നു ചിന്തിക്കേണ്ടതാണ്. മനുഷ്യരുടെ പാപം നിമിത്തമായിരുന്നു ദൈവം ഭൂമിയിൽ ജലപ്രളയം വരുത്തിയത്. മനുഷ്യരുടെ ഹൃദയവിചാരങ്ങളെല്ലാം ദോഷമുള്ളതായി ദൈവം കണ്ടു പാപപങ്കിലമായ തലമുറയെ നശിപ്പിച്ചു. അങ്ങനെ ഒരു പുതിയ തലമുറ ആവിർഭവിച്ചു. പിന്നീടും ക്രമേണ ആളുകൾ നിയമവിരുദ്ധമായ ജീവിതം നയിച്ചുകൊണ്ടിരുന്നു എന്ന് ചരിത്രം നോക്കിയാൽ അറിയാം.

ദൈവപുത്രനായ യേശു ഭൂമിയിലെ മനുഷ്യരുടെ പാപപരിഹാരത്തിനായി മരിച്ചതിനാലാണ് പാപമോചനം മനുഷ്യർക്ക് സാധ്യമായത്. ആകയാൽ എല്ലാവരും അവനെ അനസരിച്ചു ജീവിക്കുവാൻ തയ്യാറാകുക.

✶

# വിഭാഗീയതയുടെ ദോഷങ്ങൾ

ക്ലിഫോർഡ് പെയിൻ

സമൂഹത്തിന്റെ കെട്ടുറപ്പിനെ കുറിച്ച് ആളുകൾ സംസാരിച്ചു കേൾക്കാറുണ്ട്. പക്ഷെ എത്തരത്തിലുള്ള കെട്ടുറപ്പ് എന്ന കാര്യത്തിലാണ് ആളുകൾക്ക് സംശയം നിലനിൽക്കുന്നത്. വിഭാഗിയത എന്നു പറഞ്ഞാൽ ഭിന്നതയാണ്. പല രീതിയിലുള്ള ഭിന്നതയാണ് ഇന്ന് സമൂഹം നേരിടുന്നത്. ഭിന്നത സംഭവിക്കുന്നത് പല കാരണങ്ങളാലാണ്. ആളുകൾക്ക് പരസ്പരം യോജിക്കുവാൻ കഴിയുന്നില്ല. വിഭിന്നമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ച് ആളുകൾ ഐക്യം ഇല്ലാതാക്കുകയാണ്. ഭൗതികമായിട്ടായാലും ആത്മികമായിട്ടാണെങ്കിലും ഭിന്നത നാശകരമാണ്. ഭദ്രതക്കും നിലനിൽപ്പിനും കുടുംബമായാലും സഭയായാലും ഐക്യത അനിവാര്യമാണ്. അതിന് ദൈവം വെച്ചിരിക്കുന്ന ക്രമമാണ് ഓരോരുത്തരും സ്വീകരിക്കേണ്ടത്. മാനുഷികമോ പാരമ്പര്യമോ ആയ സിദ്ധാന്തങ്ങളെയല്ല നാം പിൻപറ്റേണ്ടത്. ദൈവത്തിന്റെ നിയമമാണ്.

ദൈവം വെറുക്കുന്ന കാര്യങ്ങളിൽ ഒന്നാണ് വിഭാഗീയത. വഴക്കാണ് ഭിന്നതക്കുള്ള കാരണം. ഒരു വീടായാലും രാജ്യമായാലും തന്നിൽത്തന്നെ ഛിദ്രിച്ചാൽ അതിന് നിലനിൽപില്ല എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. ഈ ലോകത്തിന്ന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്ന് മനസ് പുതുക്കി രൂപാന്തരപ്പെടുക എന്നാണ് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നത് (റോമർ 12:2). ഈ ലോകത്തിന്ന് അനുരൂപമാകാതെ എന്നതിൽ ലോക മതങ്ങളും നാമധേയ വിഭാഗങ്ങളും ഉൾപ്പെടുന്നു. ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ഒരു സമയത്ത് ശരിയായ ഒന്നിൽനിന്ന് ഭാഗിക്കപ്പെട്ടതാണ് നാമധേയ വിഭാഗങ്ങളെല്ലാം. ആകയാൽ അവരെല്ലാം ദൈവഹിതം എന്തെന്ന് തിരിച്ചറിയുവാൻ മനസ് പുതുക്കി രൂപാന്തരപ്പെടുവാൻ അപ്പൊസ്തലൻ ആവശ്യപ്പെടുന്നു. വിഭാഗീയതയെ ന്യായീകരിക്കുന്ന ആളുകൾ അത് ഇല്ലാതാക്കുന്നതിനു പകരം വർഷം തോറും അതിൽ ശക്തിപ്രാപിച്ചുവരികയാണ്. ഏതൊരു സ്ഥാപനത്തെയും പോലെ നാമധേയവിഭാഗങ്ങൾ അവരുടെ കെട്ടുപാടുകളിൽ കെട്ടുറപ്പ് ഭദ്രമാക്കുകയാണ്. അങ്ങനെ വരുമ്പോൾ ആളുകളുടെ എണ്ണവും സാമൂഹ്യമായ അഭിമാനവും, ഭൗതികമായ കാര്യസാധ്യവും പരിഗണിച്ച് അതിൽ തൃപ്തരാകുന്നവർ ദൈവഹിതത്തെ മാനിക്കുന്നവരല്ല. ദൈവത്തെ അവർ വിളിക്കുന്നുവെങ്കിലും അവർ വാസ്തവത്തിൽ ദൈവത്തെ വെറുതെ ഭയപ്പെടുക മാത്രമാണ് ചെയ്യുന്നത്. അവർ

ചെയ്യുന്ന പ്രവൃത്തികളെ ശോധന ചെയ്യുന്നില്ല എന്നതാണ് പരമാർത്ഥം.

ക്രിസ്ത്യാനിത്വം ആരംഭിക്കുന്നത് പുതിയനിയമ കാലഘട്ടത്തിലാണ്. പുതിയനിയമ ക്രിസ്ത്യാനിത്വം എന്നു പറയുന്നത് ക്രിസ്തുവിന്റെ നിയമത്തിൽ അധിഷ്ടിതമായിരിക്കണം. അല്ലാതെ മനുഷ്യരുടെ സമ്പ്രദായ പ്രകാരം ആയിരിക്കരുത്. ദൈവം വിലക്കിയിരിക്കുന്നത് ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നത് മൗഢ്യമാണ്. അത് തിരിച്ചറിയുവാൻ ബൈബിളിലെ സത്യപരിജ്ഞാനത്തെ കുറിച്ച് അറിയണം. അതിന് ബൈബിൾ മനസിരുത്തി വായിച്ച് മനസിലാക്കണം. മുൻവിധി കൂടാതെ ബൈബിൾ നിഷ്പ്പക്ഷമായി പ്രാർത്ഥനയോടെ വായിച്ച് ഗ്രഹിക്കണം. ശ്രദ്ധിച്ചില്ല എങ്കിൽ ക്രിസ്ത്യാനികൾ പോലും നാമധേയവിഭാഗങ്ങളുടെ വലയിൽ കുടുങ്ങി പോകും. ഒരു പക്ഷെ സാമൂഹ്യമായ അംഗീകാരം വേണമെന്ന തോന്നൽ ഉളവാക്കുവാൻ പിശാച് തന്ത്രശാലിയാണ്. സമൂഹത്തിന്റെ സ്റ്റാറ്റസ് നോക്കുവാനായി പരീക്ഷിക്കപ്പെട്ടേക്കാം. മക്കളുടെ ഭാവിയെ കരുതി ചില ആളുകൾ കർത്താവിന്റെ സഭയെ ഉപേക്ഷിക്കുന്നത് കാണാം. ഇത്തരം നിസാരമായ കാരണങ്ങളാൽ അവർ നിത്യമായ അനുഗ്രഹങ്ങളും അവകാശങ്ങളുമാണ് വലിച്ചെറിയുന്നത് എന്നോർക്കണം.

നാമധേയവിഭാഗങ്ങൾ അവിശ്വാസവും വഴക്കുമാണ് വളർത്തുന്നത്. നമ്മുടെ യജമാനനായ കർത്താവിന് ഇത് നന്നായി അറിയാമായിരുന്നതുകൊണ്ടാണ് അവൻ തന്റെ പ്രാർത്ഥനയിൽ തന്റെ അപ്പൊസ്തലന്മാർക്കു വേണ്ടിയും പിന്നെ ക്രിസ്ത്യാനികളായി തീരുവാനിരിക്കുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നത്. “പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ തന്നിൽ വിശ്വസിപ്പാനിരിക്കുന്നവരും ഒന്നാകേണമേ” (യോഹന്നാൻ 17:21). ഒന്നായി തീർന്നാൽ അവർ യേശുവിന്റെ ശിഷ്യന്മാരാണെന്ന് ലോകം വിശ്വസിപ്പാനിടവരും. കൂടാതെ അവർ ദൈവത്തെ മഹത്വപ്പെടുത്തുവാനും സാഹചര്യം ഒരുങ്ങും. അല്ലെങ്കിൽ അവർ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുവാനിടയാകും. നാമധേയ വിഭാഗങ്ങളെല്ലാം ഭിന്നിപ്പുളവാക്കുന്നതിനാൽ അവരുടെ മിഷ്ണറിമാരെല്ലാം വിവിധങ്ങളായ ഉപദേശങ്ങളെ ആണ് പ്രസംഗിക്കുന്നത്. പക്ഷെ പുതിയനിയമത്തിൽ ഏക ഉപദേശമാണുള്ളത്. യേശുക്രിസ്തുവിന്റെ പ്രാർത്ഥന യാഥാർത്ഥ്യമാക്കാതിരിക്കുന്നത് ഇത്തരം വിഭാഗങ്ങൾ പുറപ്പെടുവിക്കുന്നവരാണ്. ക്രിസ്ത്യാനിത്വത്തിന്റെ ശക്തി ക്ഷയിപ്പിക്കുന്നതും, ലോകത്തെ ക്രിസ്ത്യാനിത്വത്തിനു സ്വാധീനിക്കുവാൻ കഴിയാത്തതിന്റേയും കാരണങ്ങൾ പരിശോധിച്ചാൽ ഒന്ന് ഇതു തന്നെ എന്നു കാണാം. സഭയുടെ ഐക്യത വളരെ ശക്തമായ ഒന്നു തന്നെയാണ്. നമ്മുടെ കാലയളവിലും മുൻകാ

ലങ്ങളിലും ഭാവിയിലും ഈ വിഷയം എല്ലാ ഭാഷകളിലും ഉയർന്നു കേൾക്കാറുണ്ട്.

അത്ഭുതങ്ങളേക്കാൾ മനുഷ്യ മനസുകളെ സ്വാധീനിക്കുവാൻ കഴിയുന്ന ഒന്നാണ് സമാധാനം. ഇന്ന് ലോകത്തിൽ ഇല്ലാത്തതും ആളുകൾ ആഗ്രഹിക്കുന്നതുമായ ദൈവിക സമാധാനം ഐക്യതയുടെ ഫലമായുണ്ടാകുന്നതാണ്. പരസ്പരമുള്ള ബന്ധം മുഖ്യമാണ്. അന്യോന്യമുള്ള യോജിപ്പ് നമുക്ക് വേണമെന്നുള്ള ആഗ്രഹത്തിലാണ് മനുഷ്യരെ യേശു ദൈവത്തോട് നിരപ്പിച്ചത്. ദൈവിക സമാധാനമാണ് നമുക്ക് ആവശ്യം ലോകത്തിലുള്ള സമാധാനം ക്ഷണഭംഗുരമാണ്. ദൈവത്തിൽനിന്നു ലഭിക്കുന്ന സമാധാനം നിത്യമാണ്. യേശുക്രിസ്തുവിനു മാത്രമെ നമ്മെ സമാധാനിപ്പിക്കുവാൻ കഴിയു. കാരണം അവനാണ് പാപത്തിന് പൂർണ്ണ പരിഹാരം വരുത്തിയത്. സമാധാന സുവിശേഷമാണ് കർത്താവിന്റെ ഏക സുവിശേഷം. പക്ഷെ ആ സുവിശേഷത്തിന് വിപരീതമായി ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന ഉപദേഷ്ടാക്കളും സുവിശേഷകന്മാരും ധാരാളമുണ്ട്. എന്നാൽ അവർ അറിഞ്ഞിരിക്കേണ്ട കാര്യം, അങ്ങനെയുള്ളവർ ദൈവസന്നിധിയിൽ ശപിക്കപ്പെട്ടവരാണ്.

ദൈവ വചനത്തെ കോട്ടി മറിച്ച് ആളുകളെ പഠിപ്പിക്കുന്നവർക്ക് നേരിടുവാനുള്ള ശിക്ഷ വളരെ വലുതാണ്. അവർ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു മാത്രമല്ല. അവർ നിത്യനാശത്തിനിരയാകും എന്നത് ദൈവം തന്റെ വചനത്തിൽ മുന്നറിയിച്ചിട്ടുള്ള വസ്തുതയാണ്. നാമധേയ വിഭാഗക്കാർ ക്രിസ്തുവിന്റേയും സഭയുടെയും ചിത്രം മാറ്റിയിരിക്കുകയാണ്. ഉദാഹരണമായി ക്രിസ്തു ശരീരമാകുന്ന സഭയുടെ തലയാണ്. സഭ അവന്റെ ശരീരമാണ്. ശരീരത്തെ തലയിൽനിന്നോ തലയെ ശരീരത്തിൽനിന്നോ മാറ്റിയാൽ ജീവൻ നഷ്ടപ്പെടും എന്നത് പരമാർത്ഥമാണ്. അത് വിഭാഗീയത വളർത്തുന്നവർ ബോധപൂർവ്വം മറന്നു കളയുകയാണ്. ഭൗതിക ശരീരത്തോട് ഉപമിച്ച് സഭയും ക്രിസ്തുവും തമ്മിലുള്ള ആത്മിയ ബന്ധത്തെ നമുക്ക് കാണിച്ചു തരുന്നു. ക്രിസ്തു സഭയുടെ തലയാണ്. അതായത് സഭ ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കണം എന്നർത്ഥം. ക്രിസ്തുവിനു കീഴ്പ്പെടുക എന്നു പറഞ്ഞാൽ അവന്റെ ഉപദേശത്തിന് കീഴ്പ്പെടുക എന്നാണ് അർത്ഥം. പേരിൽ മാത്രം അവനെ ധരിക്കുന്നവർക്ക് ഉപദേശമോ ജീവിതമോ പ്രധാനമല്ല. അവർക്ക് സാമുദായിക ആചാരവും അനുഷ്ഠാനവുമാണ് പ്രധാനം. അതുകൊണ്ട് യേശു അവരോട് ചോദിക്കുന്നത്, നിങ്ങൾ നിങ്ങളുടെ സമ്പ്രദായങ്ങളാൽ ദൈവകൽപനയെ ലംഘിക്കുന്നത് എന്ത്?

വിഭാഗീയത പല കുടുംബങ്ങളെയും ബാധിച്ചിരിക്കുന്നു എന്നു നിസംശയം പറയാം. ഒരു വീട്ടിൽ അപ്പൻ ഒരു വിഭാഗത്തിലായിരിക്കും. അമ്മ വേറൊരു വിഭാഗത്തിലായിരിക്കും. അല്ലെങ്കിൽ മക്കൾ മറ്റൊരു വിഭാഗത്തിലായിരിക്കും പോകുന്നത്. ഇങ്ങനെ ഓരോരുത്തരും തങ്ങളുടെ ഇഷ്ടപ്രകാരം ഓരോ സമുദായത്തിൽ പോകുന്നത് ദൈവേഷ്ടമാണോ എന്ന് ഓരോരുത്തരും ചിന്തിക്കണം. അതിൽ ദൈവപ്രസാദം ലഭിക്കുമോ എന്ന് പരിശോധിക്കണം. അതേ സമയം കുടുംബത്തിലുള്ള എല്ലാ അംഗങ്ങളും ബൈബിളിൽ ഇല്ലാത്ത വിഭാഗങ്ങളിൽ പോകുന്നതും ദൈവകൽപനക്ക് വിരുദ്ധമാണ്. മതപരമായി നാം ആരെ വിശ്വസിക്കുന്നു എന്നത് പ്രാധാന്യമുള്ള കാര്യമാണ്. കൂടാതെ എങ്ങനെ സത്യദൈവത്തെ ആരാധിക്കുന്നു എന്നതും മുഖ്യമായ കാര്യമാണ്. കർത്താവ് തന്റെ സഭയെ എത്രമാത്രം സ്നേഹിച്ചു എന്നും അതിനെ എപ്രകാരം കാണുവാൻ ആഗ്രഹിച്ചു എന്നും തിരുവചനം നമ്മെ പഠിപ്പിക്കുന്നു (എഫെ. 5:23). ക്രിസ്തു ഏക സഭയാണ് പണിതിരിക്കുന്നത് (മത്തായി 16:18). പക്ഷെ മനുഷ്യരാണ് അവരുടെ സൗകര്യത്തിനായി ഓരോ വിഭാഗങ്ങൾ സൃഷ്ടിച്ച് അത് സഭ ആണെന്ന് വിശ്വസിക്കുന്നത്.

നിങ്ങൾ ഏതു സഭയിലാണ് പോകുന്നത് എന്ന ചോദ്യം ഉത്ഭവിക്കുന്നതു തന്നെ ഒന്നിലധികം സഭകൾ ഉള്ളതുകൊണ്ടാണ്. മനുഷ്യരാണ് മനുഷ്യർക്കിടയിൽ തെറ്റിദ്ധാരണ വളർത്തിയിരിക്കുന്നത്. നമ്മുടെ ദൈവം കലക്കത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമാണ്. മനുഷ്യരാണ് ദൈവപദ്ധതിയെ കലക്കി കളഞ്ഞിരിക്കുന്നത്. ദൈവത്തെ അറിഞ്ഞ് അവന്റെ ഉദ്ദേശത്തെ പ്രാവർത്തികമാക്കേണ്ടവരാണ് ക്രിസ്തുവിനെ അനുഗമിക്കുന്നവർ. മനുഷ്യ മനസുകളെ കുരുടാക്കിയിരിക്കുന്നത് പിശാചാണ്. ആളുകൾ സത്യം മനസിലാക്കാതിരിക്കുവാനാണ് അവന്റെ ശ്രമം. വിഭാഗീയ ചിന്തയെ ദൈവം അംഗീകരിക്കുകയാണെങ്കിൽ അവരുടെ നിരവധി ഉപദേശങ്ങളും അവൻ സ്വീകരിക്കും. പക്ഷെ ദൈവം അവയൊന്നും സ്വീകരിക്കുകയില്ല എന്നു സ്പഷ്ടമായി വെളിപ്പെടുത്തിയിരിക്കുകയാണ്(മത്തായി 15:9).

വിശ്വാസത്യാഗം സംഭവിക്കുമെന്ന് തിരുവചനം മുന്നറിയിച്ചിരിക്കുന്നതിനു വിരുദ്ധമായി ഒരു വിഭാഗം പറയുന്നത് രക്ഷ നഷ്ടപ്പെടുകയില്ല എന്നാണ്. രക്ഷക്ക് വിശ്വസ്തത ആവശ്യമില്ല എന്നതാണ് അവരുടെ വാദത്തിൽ അടങ്ങിയിരിക്കുന്നത്. ഇന്നുവരെ ഒരു നാമധേയ വിഭാഗത്തിനും അവരുടെ ഉപദേശങ്ങളിൽ സ്ഥിരത നിലനിർത്തുവാൻ കഴിഞ്ഞിട്ടില്ല. ഓരോന്നിനും ഓരോ കാലഘട്ടത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കും.

അവ സത്യമല്ലാത്തതുകൊണ്ടാണ്. സത്യം എപ്പോഴും സ്ഥിരമായിരിക്കും. സത്യസന്ധതയുള്ളവരും തിരുവഴുത്ത് ദൈവ വചനമാണെന്ന് വിശ്വസിക്കുന്നവരും ദുരുപദേശത്തെ മനസിലാക്കും. ദുരുപദേശം പ്രഖ്യാപിച്ചാലുള്ള അപകടത്തെ അവർ ഒഴിവാക്കുകയും ചെയ്യും. സഹോദരങ്ങന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്നവരെയും ഭിന്നതയുണ്ടാക്കുന്നവരേയും സൂക്ഷിച്ചുകൊൾവിൻ എന്ന് ദൈവശ്വാസിയമായ വചനം നമ്മെ പ്രബോധിപ്പിക്കുന്നു (റോമർ 16:17). അന്ത്യകാലത്ത് ഭൂതങ്ങളുടെ ഉപദേശം പലരും വിശ്വസിക്കുമെന്ന് ദൈവം തന്റെ എഴുത്തുകാരിൽകൂടെ വെളിപ്പെടുത്തിയിരിക്കുന്നത് യാഥാർത്ഥ്യമാണ്. ദൈവശ്വാസിയമായ വചനം ദൈവത്തിൽനിന്നു വന്നതാകയാൽ അതിന് മാറ്റം വരികയില്ല എന്നുമാത്രമല്ല, അത് നിറവേറാതിരിക്കയുമില്ല എന്നത് സ്പഷ്ടമാണ്. അതിൽ നിങ്ങൾക്ക് പൂർണ്ണമായി ആശ്രയിക്കാം. ദൈവം മഹാ കരുണയും കൃപയും നിറഞ്ഞവനാണ് അവന്റെ സ്നേഹം എന്നേക്കുമുള്ളതാണ്. ആ ദൈവത്തിന്റെ സത്യമായ കൽപനകളെ ഒരിക്കലും നിഷേധിക്കരുത്. അവയാണ് സകല മനുഷ്യർക്കുമുള്ള ജീവന്റെ മാർഗം. നമ്മുടെ വഴികാട്ടിയും സത്യമാർഗവുമായ തിരുവെഴുത്തുകളെ പരിശോധിച്ച് വേണം നമ്മുടെ ജീവിതത്തെ തിരുത്തുവാൻ. മനുഷ്യരെ ആരെയും അനുകരിക്കരുത്. കാണുന്നതുപോലെ ആയിരിക്കുയില്ല മനുഷ്യർ. എന്നാൽ കർത്താവായ യേശുവിനെ മാതൃകയാക്കിയാൽ നാം ഒരിക്കലും നിരാശപ്പെടുകയില്ല. തികഞ്ഞ മനുഷ്യനായിട്ടാണ് യേശു ജീവിച്ചത്. അവന്റെ വാക്കുകളും സ്വഭാവവും പ്രവൃത്തികളും സ്തുതിക്കത്തക്കതാണ്. അവനെ പിൻപറ്റുന്നവരാരും ലജ്ജിച്ചുപോകയില്ല.

നിങ്ങൾ യേശുവിനെ അറിഞ്ഞിട്ടുണ്ടോ? പുതിയനിയമത്തിലുള്ള കാര്യങ്ങൾ നിങ്ങൾ വായിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടനെ വായിച്ച് അവന്റെ ഉപദേശങ്ങളെ അനുസരിക്കുവാൻ വൈകരുത്. കാരണം നമ്മുടെ ഈ ഭൂമിയിലെ ആയുസ് കുറഞ്ഞ കാലത്തേക്ക് മാത്രമുള്ളതാണ്. അതുകൊണ്ട് സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ എന്നാണ് നമ്മെ ഓർമ്മിപ്പിച്ചിരിക്കുന്നത്. ഭൂമിയിൽ വന്ന യേശു മനുഷ്യവർഗത്തിന്റെ രക്ഷക്കാണ് പ്രവർത്തിച്ചത്. സ്വന്തജീവനാണ് അവൻ പാപികൾക്കായി നൽകിയത്. പാപങ്ങൾ മോചിച്ചുകൊടുപ്പാൻ അവനു മാത്രമെ അധികാരമുള്ളു. അന്തിമ വിധി നടത്തുന്നത് കർത്താവായിരിക്കും എന്ന കാര്യം മറക്കരുത്.

✶

# കല്ലുകൾ ആർത്തുവിളിക്കും

## ജെർമെൻ ലോക്‌വുഡ്

അവിശ്വാസികളും യുക്തിവാദികളും ബൈബിളിലെ വസ്തുതകൾ തെറ്റാണെന്ന് സമർത്ഥിക്കുവാൻ കാലങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭൂഗർഭഗവേഷകന്മാരുടെ കണ്ടുപിടിത്തങ്ങൾ ഓരോന്നായി പുറത്തുവരുമ്പോളെല്ലാം അവരുടെ വാദങ്ങൾ തെറ്റായിരുന്നു എന്നു സമ്മതിക്കേണ്ടിവരുന്നു. ബൈബിളിലെ യിസ്രായേലിന്റെ ചരിത്രത്തെ അത്തരക്കാർ അവിശ്വസിക്കുകയാണ്. എന്നാൽ വിശ്വസിക്കാവുന്ന ധാരാളം തെളിവുകൾ ഉള്ളതിനെ അവർ അവഗണിക്കുകയാണ് ചെയ്യുന്നത്. ദാവീദ് രാജാവിന്റെ ഭവനം എന്ന മേലെഴുത്തുള്ള കല്ല് ഭൂഗർഭ ഗവേഷകർ കണ്ടെടുത്തത് ആളുകൾക്ക് നിഷേധിക്കുവാൻ പറ്റാത്ത തെളിവായിരുന്നു. ആകയാൽ യിസ്രായേൽ രാജ്യവും ആ രാജ്യത്തിലെ രാജാവായിരുന്ന ദാവീദും വാസ്തവത്തിൽ ഉണ്ടായിരുന്നതാണ്. അതിനാൽ വിശ്വസിക്കാവുന്ന ചരിത്രമാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യരുടേതെല്ലാം നിഗമനങ്ങളാണ്. അവ സത്യമാകാം അല്ലെങ്കിൽ അസത്യമാകാം. പക്ഷെ ദൈവശ്വാസിയമായ വചനം വെളിപ്പെടുത്തിയിരിക്കുന്നതെല്ലാം സത്യമാണെന്ന് ഉറപ്പിച്ചു പറയാം.

ബൈബിളിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളാണ് വിവരിച്ചിരിക്കുന്നത്. ഉദാഹരണമായി ദാൻ, മിസ്രയിം, ചാവുകടൽ, ഗലീലാ കടൽ എന്നിവ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം വിശ്വസിക്കാവുന്നതാണെന്ന് ഉറപ്പിക്കാം. കാരണം ആ പ്രദേശങ്ങളിൽ നിന്നു കുഴിച്ചെടുത്ത മേലെഴുത്തുകളും വസ്തുക്കളും പരിശോധിച്ചാൽ തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം സത്യമാണെന്ന കാര്യത്തിൽ സംശയമേ വേണ്ട. ദൈവം യെഹൂദന്മാരോട് വാഗ്ദാനം ചെയ്ത പാലും തേനും ഒഴുകുന്ന കനാൻ ദേശത്തെ കുറിച്ചു വിവരിച്ചിരിക്കുന്നതും അവിടെ നിന്നു കുഴിച്ചെടുത്തതുമായി പരിശോധിച്ച് വ്യക്തത വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മിസ്രയിമ്യരും കനാന്യരുമല്ല, യെഹൂദന്മാരായിരുന്നു ഹാസോരിനെ കീഴ്പ്പെടുത്തിയതെന്ന് യോശുവയുടെ പുസ്തകത്തിൽ നാം വായിക്കുന്നു (യോശുവ 11:10, 11). ബൈബിൾ ചരിത്ര സത്യമാണ്; അത് വിശ്വസിച്ചാൽ അതിന്റെ ഫലം ലഭിക്കും. അതുകൊണ്ട് നിങ്ങൾക്ക് ധൈര്യപൂർവ്വം ബൈബിളിലും ഏക സത്യദൈവത്തിലും തറപ്പിച്ചു വിശ്വസിക്കയും ദൈവം അരുളിച്ചെയ്ത കൽപനകൾ പ്രമാണിക്കയും ചെയ്യാം.

മോശെയെ പോലെ ഒരു പ്രവാചകനെ വരുത്തുമെന്ന് ദൈവം മോശെ മുഖാന്തരം യിസ്രായേൽ ജനത്തോട് അരുളിച്ചെയ്തിരുന്നു.

വായിക്കുന്നത് ഇപ്രകാരമാണ്, "നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്ന് എഴുന്നേൽപ്പിക്കും; അവന്റെ വചനം നിങ്ങൾ കേൾക്കേണം. ഞാൻ മരിക്കാതിരിക്കേണ്ടതിന്ന് ഇനി എന്റെ ദൈവമായ യഹോവയുടെ ശബ്ദം കേൾപ്പാനും ഈ മഹത്തായ തീ കാണ്മാനും എനിക്ക് ഇട വരരുതേ. എന്നിങ്ങനെ ഹോരേബിൽ വെച്ച് മഹായോഗം കൂടിയ നാളിൽ നിന്റെ ദൈവമായ യഹോവയോട് നീ അപേക്ഷിച്ചതുപോലെ തന്നെ. അന്ന് യഹോവ എന്നോട് അരുളിച്ചെയ്തത് എന്തെന്നാൽ, അവർ പറഞ്ഞത് ശരി. നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് എഴുന്നേൽപിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും. ഞാൻ അവനോട് കൽപിക്കുന്നതൊക്കെയും അവൻ അവരോട് പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ ഞാൻ അവനോട് ചോദിക്കും."

പുതിയ നിയമത്തിൽ യേശു നിങ്ങളോട് സംസാരിക്കുന്നത് ദൈവത്തിന്റെ വചനങ്ങളാണ്. മശിഹയെ ഒരു പ്രവാചകനായി അയക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തത് അവൻ നിവർത്തിച്ചു. അവന്റെ വചനങ്ങൾ കേട്ടനുസരിക്കാത്തവരോട് ഞാൻ ചോദിക്കും എന്നാണ് യഹോവയായ ദൈവം അരുളിച്ചെയ്തിരിക്കുന്നത്. നിങ്ങളും ഞാനും ഇന്ന് ജീവിച്ചിരിക്കുന്നത് പുതിയ നിയമകാലഘട്ടത്തിലാണ്. മനുഷ്യരെ ദൈവത്തോട് നിരപ്പിക്കുവാനായി ഒരു മദ്ധ്യസ്ഥനായിട്ടാണ് യേശുവിനെ ദൈവം അയച്ചതാണ്. അവനല്ലാതെ മറ്റൊരു മദ്ധ്യസ്ഥനോ രക്ഷകനോ ഇല്ല എന്നതാണ് പരമാർത്ഥം. മശിഹയെ കുറിച്ചുള്ള മുൻപ്രവചനങ്ങളെല്ലാം അവൻ നിറവേറ്റി. ഇനി അവശേഷിക്കുന്നത് മശിഹ അവസാനം പ്രവചിച്ചതായ തന്റെ തിരിച്ചു വരവാണ്. ദൈവപുത്രനും മനുഷ്യപുത്രനുമായി ജീവിച്ച ക്രിസ്തു ഭൂമിയിലെ തന്റെ അവസാന നിമിഷം വരെ പിതാവിനോട് വിശ്വസ്തത പുലർത്തി അവന്റെ വചനം അങ്ങനെ തന്നെ പ്രസ്താവിച്ചു. അവ കേട്ടു വിശ്വസിച്ച് അനുസരിച്ചവർക്ക് അവൻ നിത്യജീവൻ വാഗ്ദാനം ചെയ്തു. അനുസരിക്കാത്തവർക്ക് ശിക്ഷാവിധിയാണുള്ളത് എന്നും അവൻ ഉറപ്പിച്ചു പറഞ്ഞു. എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്നു കർത്താവ് പറഞ്ഞതു അതുകൊണ്ടാണ്. കൂടാതെ പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും യേശുവിന്റെ അടുക്കൽ വരുവാനും കഴിയുകയില്ല എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു.

✶

# നമ്മുടെ ചെവികളെ നമുക്ക് തുളക്കാം

## മൈക്ക് സിനാപ്ലെയിഡ്സ്

നമുക്ക് എല്ലാവർക്കും ദൈവം ചെവികൾ നൽകിയിട്ടുള്ളത്, കേൾക്കുവാനാണ് എന്നു നമുക്ക് അറിയാം. ദൈവമക്കളായ ഓരോരുത്തർക്കും അവന്റെ കരവിരുത് അനുഭവിക്കുവാൻ കഴിയുന്നു. ഈ ലേഖനത്തിന്റെ തലക്കെട്ട് വായിക്കുമ്പോൾ തന്നെ വായനക്കാരൻ ലേഖകനെ കുറിച്ച് എന്തായിരിക്കും ചിന്തിക്കുന്നത് എന്ന് നെറ്റി ചുളുക്കി ആലോചിച്ചേക്കാം. നല്ല വാക്കുകളുടെ അഭാവം ഇന്ന് സമൂഹം നേരിട്ടുകൊണ്ടിരിക്കുകയാണ്. പുതിയ തലമുറക്ക് പുതിയ പുതിയ വാക്കുകളോടും പുതിയ ആശയങ്ങളോടും താൽപര്യമുള്ളതായി ഇപ്പോഴത്തെ പാട്ടുകൾ ശ്രദ്ധിച്ചാൽ നമുക്ക് മനസിലാക്കാം. പുതിയ തലമുറയുടെ അഭിരുചിക്കാണ് ഇന്ന് സംവിധായകർ സിനിമകൾ രൂപപ്പെടുത്തുന്നത്. മുൻപ് ഇത്തരം ആളുകൾ നല്ല വാചകങ്ങളും അർത്ഥവത്തായ പദങ്ങളുമാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് അതിന് പ്രാധാന്യം കൊടുക്കുന്നില്ല എന്നത് ഖേദകരമാണ് എന്നു തുറന്നു പറയട്ടെ. ഈ കാര്യത്തിൽ ഒഴികഴിവുകൾ കണ്ടേക്കാം. ഭാഷയോ വർഗമോ സ്ഥലമോ ഞാൻ പറഞ്ഞ കാര്യത്തിൽ മാറ്റി നിർത്താവുന്നതല്ല.

പുതിയ തലമുറക്ക് സമൂഹം നൽകുന്നതാണല്ലോ അവർ സ്വീകരിക്കുന്നത്. ഇന്ന് ജനിച്ചു വീഴുന്ന ശിശുക്കൾ കേട്ടു വളരുന്നതും കണ്ടു പഠിക്കുന്നതുമെല്ലാം എന്താണെന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാം. തലമുറകൾ തമ്മിൽ ഒരു വിടവുണ്ടെന്ന് ചിലർ പറഞ്ഞു നാം കേൾക്കുന്നു. വാസ്തവത്തിലുള്ള വിടവ് എന്നു പറയുന്നത് എന്താണ്. ഏതെല്ലാം കാര്യത്തിലാണ് ഈ വിടവ് സംഭവിച്ചത് എന്ന് പരിശോധിച്ചാൽ കണ്ടെത്താവുന്നതേ ഉള്ളു. സ്ത്രീകൾ ചെവി തുളക്കുന്നത് ആഭരണം അണിയുന്നതിനാണ്. ചില പുരുഷന്മാരും അത് അനുകരിക്കുന്നത് കാണാം. പഴയ നിയമകാലത്ത് അടിമകളെ യജമാനന്മാർ ചെവി തുളെച്ച് താൻ ഇനി സ്വതന്ത്രനായി പോകുകയില്ല എന്ന് പ്രഖ്യാപിച്ചിരുന്നു. "എന്നാൽ ദാസൻ, ഞാൻ എന്റെ യജമാനനെയും എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു; ഞാൻ സ്വതന്ത്രനായി പോകയില്ല എന്നു തീർത്തു പറഞ്ഞാൽ, അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ട് ചെന്ന് കതകിന്റെയോ കട്ടിളക്കാലിന്റെയോ അടുക്കൽ നിറുത്തിയിട്ട് സൂചി കൊണ്ട് അവന്റെ കാത് കുത്തി തുളക്കേണം" (പുറപ്പാട് 21:5, 6). വീണ്ടും നാം ആവർത്തന

പുസ്തകം 15:16, 17 ൽ വായിക്കുന്നത്, "എന്നാൽ അവൻ നിന്നെയും നിന്റെ കുടുംബത്തെയും സ്നേഹിക്കകൊണ്ടും നിന്റെ അടുക്കൽ അവന്നു സുഖമുള്ളതുകൊണ്ടും ഞാൻ നിന്നെ വിട്ടു പോകയില്ല എന്നു പറഞ്ഞാൽ നീ ഒരു സൂചി എടുത്ത് വാതിലിനോട് ചേർത്ത് കാത്കുത്തി തുളെക്കേണം. പിന്നെ അവൻ എന്നേക്കും നിന്റെ ദാസൻ ആയിരിക്കേണം. ദാസിക്കും അങ്ങനെ ചെയ്യേണം."യഹോവയുടെ ന്യായപ്രമാണം ദൈവജനത്തിനുണ്ടായിരുന്ന സമയത്തും അടിമസമ്പ്രദായം നിലനിന്നിരുന്നു. ലൗകിക മനുഷ്യർ ദാസന്മാരെ മൃഗീയമായി പീഡിപ്പിച്ചിരുന്നപ്പോൾ, ദൈവ ജനത്തോട് ദൈവം ചില നിയന്ത്രണങ്ങൾ കൊടുത്തിരുന്നു. കൂലിക്ക് വേലക്കാരെ എടുക്കുന്നതുപോലെ അവരെ കണക്കാക്കുവാനായി ദൈവം കൽപിച്ചിരുന്നു. "നിന്റെ സഹോദരൻ ദരിദ്രനായി തന്നെത്താൻ നിനക്ക് വിറ്റാൽ അവനെക്കൊണ്ട് അടിമവേല ചെയ്യിക്കരുത്. കൂലിക്കാരൻ എന്ന പോലെയും വന്നുപാർക്കുന്നവൻ എന്നപോലെയും ഇരിക്കേണം" (ലേവ്യാപുസ്തകം 25:39, 40).

പഴയനിയമത്തിലെ ഈ പരിശീലനങ്ങൾ പുതിയനിയമ ക്രിസ്ത്യാനികളായ നമ്മെ എന്തു പഠിപ്പിക്കുന്നു എന്നാണ് നാം മനസിലാക്കുന്നത്, അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞത്, "നിങ്ങളെ വിലെക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്ന് അറിയുന്നില്ലയോ? (1 കൊരിന്ത്യർ 6:19). ക്രിസ്തുയേശുവിലായവർ തങ്ങളുടെ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചിരിക്കുന്നു എന്നാണ് അപ്പൊസ്തലനായ പൗലൊസ് ഗലാത്യർക്ക് ലേഖനം എഴുതുമ്പോൾ പറയുന്നത് (ഗലാത്യർ 5:24). ഓരോരുത്തൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ എന്നാണ് യേശു നമ്മെ പഠിപ്പിച്ചിരിക്കുന്നത് (മത്തായി 6:24). ക്രിസ്ത്യാനികൾ ഈ ലോകത്തിലെ ആചാരങ്ങളോ പഴയ നിയമ കൽപനകളോ അനുസരിച്ച് ജീവിക്കേണ്ടവരല്ല, നാം ക്രിസ്തുവിന്റെ ഉപദേശമനുസരിച്ച് ജീവിക്കണം. അവൻ തന്റെ ശരീരം ജീവനും പ്രസാദവുമുള്ള യാഗമായിട്ടാണ് സമർപ്പിച്ചത്. നമ്മുടെ ശരീരങ്ങളും നമുക്കുള്ളതല്ല, കർത്താവിനായി ജീവനും വിശുദ്ധിയും ദൈവപ്രസാദവുമുള്ള യാഗമായി വേണം അതിനെ ഉപയോഗിക്കുവാൻ.

ക്രിസ്ത്യാനികൾ ലോകത്തിൽനിന്ന് വേർപെട്ട് ക്രിസ്തുവിനോട് പറ്റിച്ചേർന്നു വേണം ജീവിക്കുവാൻ. ക്രിസ്തു വില കൊടുത്ത് വാങ്ങിയവരാണ് ക്രിസ്ത്യാനികൾ അങ്ങനെ നാം അവന്റെ ദാസന്മാരാണ്. മുൻപ് നാം നമ്മുടെ അവയവങ്ങളെ പാപത്തിന് ദാസന്മാരാക്കി സമർപ്പിച്ചിരുന്നു. എന്നാൽ ഇന്ന് നാം നമ്മുടെ അവയവങ്ങളെ നീതിക്ക് ദാസന്മാരായി സൂക്ഷിക്കണം. പഴയനിയമത്തിൽ അക്ഷരികമായി ശാരീരിക പരിഛേദന വരുത്തിയിരുന്നു എങ്കിൽ ഇന്ന് നമ്മുടെ ഹൃദയങ്ങളെയാണ് പരിഛേദന ചെയ്യേണ്ടത്. കാരണം പുതിയ നിയമം നമ്മുടെ ഉള്ളിലാക്കി ഹൃദയത്തിൽ എഴുതുമെന്നാണ് അരുളിച്ചെയ്തിരിക്കുന്നത്. ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും നാം ലോകത്തിനുള്ളവരല്ല. ജഡത്തിൽ വസിക്കുന്നവരാണെങ്കിലും ജഡത്തെ അനുസരിച്ചല്ല, ആത്മാവിനെ അനുസരിച്ചാണ് ജീവിക്കുന്നത്.

നമ്മുടെ യജമാനൻ ക്രിസ്തുവാണ്, അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു. പാപത്തിന്റെ അടിമത്വത്തിൽനിന്ന് നമ്മെ വീണ്ടെടുക്കുവാൻ പിതാവ് തന്റെ ഏകജാതനെയാണ് നൽകിയത്. അതിനേക്കാൾ വലിയ സ്നേഹമില്ലല്ലൊ. അങ്ങനെ നമ്മെ പാപത്തിൽനിന്നു സ്വതന്ത്രരാക്കി തീർത്തതിനാൽ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. അതിന് നമുക്ക് ഒരു യോഗ്യതയുമില്ലായിരുന്നു. സൗജന്യമായത്രെ അവൻ നമ്മെ രക്ഷിച്ചത്. നമ്മുടെ ജീവിതം നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കുവാനായി അവൻ ആത്മാവിന്റെ വചനം കൃപയാൽ നൽകിയിരിക്കുകയാണ്. നാം അതിന് എപ്പോഴും നന്ദിയുള്ളവരായിരിക്കണം. പലരും യേശുവിനെ വിട്ടുപോയപ്പോൾ യേശു അപ്പൊസ്തലന്മാരായ ശിഷ്യന്മാരോട്, നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസുണ്ടോ എന്ന് ചോദിച്ചപ്പോൾ പത്രൊസ് പറഞ്ഞ പ്രസ്താവന നോക്കുക, കർത്താവേ, നിത്.ജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട് പിന്നെ ഞങ്ങൾ എവിടെ പോകും? പുതിയ നിയമാരംഭത്തിൽ ക്രിസ്ത്യാനികൾ കർത്താവിനെ സ്നേഹിച്ച്, അവനെ സേവിച്ച് അവന്റെ സഭയിൽ വിശ്വസ്തമായി ജീവിച്ചു. അവർക്ക് മറ്റൊന്നും പ്രശ്നമായിരുന്നില്ല.

ദൈവപുത്രനായ യേശുവിന്റെ വചനങ്ങളാണ് നാം കേട്ട് വിശ്വസിച്ച് അനുസരിക്കേണ്ടത്. അവയാണ് നമ്മെ രക്ഷിക്കുന്നത്.

✶

# സഭയല്ല യേശു ആണ് രക്ഷിക്കുന്നത്

## ഡെന്നിസ് ലോയ്ഡ്

സഭയല്ല ക്രിസ്തുവാണ് നമ്മെ രക്ഷിക്കുന്നത് അതുകൊണ്ട് സഭ ഏതായാൽ എന്താണ് എന്നു പറയുന്നവരെ നിങ്ങൾ കേട്ടുകാണും. അതായത് സഭയ്ക്ക് പ്രാധാന്യമില്ല എന്നാണ് അവരുടെ വാദം. പക്ഷെ സകല അധികാരങ്ങളുമുള്ള ക്രിസ്തുവാണ് സഭയുടെ രക്ഷിതാവ് എന്ന കാര്യം അവർ വിസ്മരിക്കുന്നു. മനുഷ്യർക്കും ദൈവത്തിനും മദ്ധ്യേ ഏക മദ്ധ്യസ്ഥനും ക്രിസ്തു മാത്രമാണ്. സഭ എന്നു പറയുന്നത് അവന്റെ ശരീരമാണ്. അവൻ സഭയുടെ തലയുമാണ്. ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരിൽ അനേകർ യേശുവിനെ മശിഹയായി വിശ്വസിച്ചിരുന്നില്ല. അവൻ സകലമനുഷ്യരേയും രക്ഷിപ്പാനിരിക്കകൊണ്ടാണ് അവന്ന് യേശു എന്നു പേർ വിളിക്കേണം എന്ന് ദൈവദൂതൻ അരുളിച്ചെയ്തത്. ദൈവം നമ്മോടുകൂടെ എന്നർത്ഥത്തിൽ അവൻ അറിയപ്പെടുവാൻ തുടങ്ങി. അവനല്ലാതെ മനുഷ്യരക്ഷക്ക് ആരും യത്നിച്ചില്ല എന്നത് സത്യമാണ്. അവനെ പിതാവായ ദൈവമാണ് ലോകത്തിലേക്ക് അയച്ചത്.

യിസ്രായേലിന്ന് മാനസാന്തരവും പാപമോചനവും നൽകുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു എന്നാണ് അപ്പൊസ്തലന്മാരായിരുന്ന കർത്താവിന്റെ ശിഷ്യന്മാർ പ്രസ്താവിച്ചത് (പ്രവൃത്തികൾ 5:31). അവനെ പ്രഭുവായും കർത്താവുമായും വെച്ചിരിക്കയാൽ നാം അവന്റെ പ്രജകളാണ്. അവൻ രാജാധിരാജാവും കർത്താധികർത്താവുമാണ്. അവന്റെ രാജ്യത്തിലുള്ളവർ അവന്റെ നിയമം പാലിക്കുവാൻ ബാധ്യസ്ഥരാണ്. ലോകത്തിന്റെ പാപം ചുമന്നൊഴിക്കുവാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടായി തീർന്നത് യേശു ആയിരുന്നു (യോഹന്നാൻ 1:29). ദൈവത്തിൽനിന്നും മനസുകൊണ്ട് അകന്ന് പോയവർ വാസ്തവത്തിൽ കാണാതെ പോയവരാണ്. അവരെ തിരഞ്ഞു രക്ഷിക്കുക എന്നതായിരുന്നു യേശുവിന്റെ ദൗത്യം. അവൻ അതു വിജയകരമായി പൂർത്തിയാക്കി. യേശു പിതാവിന്റെ ഇഷ്ടമനുസരിച്ചാണ് പ്രവർത്തിച്ചത് എന്നതു നമുക്ക് മാതൃക തന്നെയാണ്.

ദൈവത്തിന്റെ രക്ഷാപദ്ധതി മുൻ നിശ്ചയിച്ചതായിരുന്നു. മനുഷ്യർ പാപം ചെയ്തു ദൈവത്തിൽനിന്നും അകന്നു പോകുമെന്ന് ദൈവത്തിനറിയാമായിരുന്നു. നമ്മെ അത്രമാത്രം ദൈവം സ്നേഹിക്കുന്നവനാണ് അവൻ എന്നു തിരിച്ചറിയുവാനാണ് അതെല്ലാം വെളിപ്പെടുത്തിയത്.

യേശു തന്റെ ജനത്തിന്റെ രക്ഷിതാവാണ്. അതായത് അവൻ തന്നെ അനുസരിക്കുന്നവരുടെ രക്ഷകനാണ് എന്നാണ് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത്. അവൻ നിത്യരക്ഷയുടെ കാരണഭൂതനുമാണ് (എബ്രായർ 5:8, 9). ദൈവത്തിന്റെ ദൂതൻ യോസേഫിന് പ്രത്യക്ഷനായി പറഞ്ഞത്, മറിയ ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പാനിരിക്കകൊണ്ട് നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞിരുന്നു (മത്തായി 1:21). പൗലൊസ് തന്റെ പ്രസംഗത്തിൽ അവനെ കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക, "ദാവീദിന്റെ സന്തതിയിൽ നിന്നു ദൈവം വാഗ്ദത്തം ചെയ്തതുപോലെ യിസ്രായേലിന്ന് യേശു എന്ന രക്ഷിതാവിനെ കൊടുത്തു" (പ്രവൃത്തികൾ 13:23).അവൻ സ്വന്തമായവരിലേക്ക് വന്നു. സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല എന്ന് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 1:11).

തന്നെ ത്യജിച്ചുകളഞ്ഞ ദൈവജനത്തോട് അവൻ ഒരിക്കൽ പറഞ്ഞു, "യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസായിരുന്നു. നിങ്ങൾക്കോ മനസ്സായില്ല" (മത്തായി 23:27). സൗമ്യതയും താഴ്മയുമുള്ള മശിഹയെ യെഹൂദന്മാർക്ക് പൊതുവിൽ അംഗീകരിപ്പാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, അവർ അവനെ ക്രൂശിൽ തറെക്കുവാൻ ഏൽപിച്ചു കൊടുത്തു. തന്നിൽ വിശ്വസിക്കാതിരുന്ന പട്ടണങ്ങളെ യേശു ശാസിച്ചു. കാരണം ആ പട്ടണങ്ങളിലുള്ളവർ മാനസാന്തരപ്പെട്ടില്ല. ദൈവം തിരഞ്ഞെടുത്ത സ്വന്ത ജനം അവനെ തള്ളിക്കളയുകയായിരുന്നു. യേശു വാസ്തവത്തിൽ ലോകത്തിന്റെ മുഴുവൻ രക്ഷിതാവാണ്. ശമര്യക്കാരിയായിരുന്ന സ്ത്രീയോടുള്ള യേശുവിന്റെ സംഭാഷണം നിമിത്തം ആ പട്ടണത്തിലുള്ള അനേകം പേർ യേശുവിന്റെ പ്രസംഗം കേൾക്കുവാൻ കൂടി വന്നു. അവർ പറയുന്നത്, "ഇനി നിന്റെ വാക്ക് കൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്, ഞങ്ങൾ തന്നെ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവ് എന്ന് അറികയും ചെയ്തിരിക്കുന്നു എന്ന് സ്ത്രീയോട് പറഞ്ഞു" (യോഹന്നാൻ 4:42).

ശമര്യക്കാരുടെ വിശ്വാസത്തെ അപ്പൊസ്തലൻ ശരിയായി വിലയിരുത്തിയതുകൊണ്ടായിരിക്കണം പല വർഷങ്ങൾക്ക് ശേഷം അപ്പൊസ്തലനായിരുന്ന യോഹന്നാൻ അത് ഓർമ്മിക്കുന്നത്. 1 യോഹന്നാൻ 4:14 ൽ നാം വായിക്കുന്നു, "പിതാവ് പുത്രനെ ലോകരക്ഷിതാവായി

അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ട് സാക്ഷ്യം പറയുന്നു" (1 യോഹ 4:14). തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനാണ് ദൈവം അവനെ ലോകത്തിലേക്ക് അയച്ചത്, ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടേണ്ടതിനാണ് അപ്രകാരം ചെയ്തത്. യെഹൂദന്മാരെ മാത്രമല്ല, യെഹൂദന്മാരല്ലാത്തവരെയും അവൻ രക്ഷിക്കുവാനാണ് പദ്ധതി ആവിഷ്ക്കരിച്ചത്. "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ എനിക്ക് ഉണ്ട്. അവയെയും ഞാൻ നടത്തേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും" (യോഹന്നാൻ 10:16). തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടാത്ത ഒരാൾ യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നത് കണ്ട് ശിഷ്യന്മാർ അവനെ വിരോധിച്ചതായി യോഹന്നാൻ യേശുവിന്റെ അടുക്കൽ വന്ന് പറഞ്ഞതിന് യേശു പ്രതികരിച്ചത് ശ്രദ്ധിക്കത്തക്കതാണ്. നമുക്ക് ആ സന്ദർഭം വായിക്കാം, "ഗുരോ ഒരുവൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നത് ഞങ്ങൾ കണ്ടു; അവൻ നമ്മെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവനെ വിരോധിച്ചു എന്നു പറഞ്ഞു.

അതിന്ന് യേശു പറഞ്ഞത്, അവനെ വിരോധിക്കരുത്; എന്റെ നാമത്തിൽ ഒരു വീര്യപ്രവൃത്തി ചെയ്തിട്ട് വേഗത്തിൽ എന്നെ ദുഷിച്ചു പറവാൻ കഴിയുന്നവൻ ആരും ഇല്ല. നമുക്ക് പ്രതികൂലമല്ലാത്തവൻ നമുക്ക് അനുകൂലമല്ലൊ" (മർക്കൊസ് 9:38, 39). മീൻപിടിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരോട് യേശു ആഴത്തിലേക്ക് നീക്കി വലയിറക്കുവാൻ പറഞ്ഞതുപോലെ യേശു തന്റെ ആത്മിയമായ വല വളരെ ആഴത്തിലേക്കാണ് ഇറക്കി വീശിയിരിക്കുന്നത്. യേശു സർവ്വലോകത്തിന്റെയും രക്ഷകനാണ് എന്ന വസ്തുത ആശ്വാസം പകരുന്നതാണ്. യേശു സഭ എന്ന ശരീരത്തിന്റെ രക്ഷിതാവാണ്. സഭ എന്നു പറയുന്നത് ലോകത്തിൽനിന്നു വിളിച്ചു വേർതിരിച്ചിരിക്കുന്ന കൂട്ടമാണ്. സുവിശേഷത്താലാണ് വിളിച്ച് നീതീകരിക്കുന്നത്. ഒരു ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തെ എടുത്ത് കാണിച്ച് സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ മനസിലാക്കിത്തരുന്നു. "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്ക് തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം" (എഫെ. 5:23, 24).

ഒരു സ്ത്രീയും പുരുഷനും വിവാഹബന്ധത്താൽ ഒന്നിച്ചുചേരുന്നതുപോലെയാണ് സഭ ക്രിസ്തുവിനോട് പറ്റിച്ചേർന്നിരിക്കുന്നത് എന്നാണ് അപ്പൊസ്തലൻ നമ്മെ പ്രബോധിപ്പിക്കുന്നത്.

ഇത് ഒരു വലിയ മർമ്മമാണെന്നും, ഞാൻ ക്രിസ്തുവിനേയും സഭയേയും കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്നും അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തു സഭയെന്ന ശരീരത്തിന്റെ തലയാണെന്ന വസ്തുത നമ്മെ പല കാര്യങ്ങൾ പഠിപ്പിക്കുന്നു. യേശുവാണ് സഭയെ വിലെക്ക് വാങ്ങിയത്. അവൻ അവൾക്കായി തന്നെത്താൻ ഏൽപിച്ചുകൊടുത്തു. തന്റെ രക്തം കൊടുത്താണ് യേശു സഭയെ വാങ്ങിയതെന്ന് അപ്പൊസ്തലനായ പൗലൊസ് എഫെസ്യ മൂപ്പന്മാരോട് പറയുന്നു (പ്രവൃത്തികൾ 20:28). അവൻ സഭയെ സ്നേഹിച്ചതുകൊണ്ടാണ് മഹത്തായ വില അതിനായി നൽകിയത്. അടുത്തതായി നോക്കുമ്പോൾ അവൻ സഭയെ നിർമ്മലീകരിച്ചിരിക്കുകയാണ്. കറ, ചുളുക്കം, ക്ഷയം, മാലിന്യം ഒന്നുമില്ലാതെ നിർത്തിയിരിക്കുകയാണ്.

ജല സ്നാനത്താലാണ് സഭയെ ശുദ്ധമാക്കിയിരിക്കുന്നത്. നിന്റെ വചനത്താൽ അവരെ ശുദ്ധീകരിക്കേണമേ എന്ന് യേശു തന്റെ ശിഷ്യന്മാർക്ക് വേണ്ടി പിതാവിനോട് അപേക്ഷിച്ചിരുന്നു (യോഹന്നാൻ 17:17). അങ്ങനെ അവർ ശുദ്ധിയുള്ളവരായിരിക്കുന്നു എന്ന് യേശു അവരെ കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. സഭ സ്വർഗത്തിൽ നിന്നും ഇറങ്ങി വരുന്ന സ്വർഗീയ യെരുശലേമാണ് എന്ന് യോഹന്നാൻ ആലങ്കാരികമായി വിശേഷിപ്പിച്ചിരിക്കുന്നു. യേശു വ്യക്തികളുടേയും രക്ഷകനാണ്. യേശു തന്റെ ആടുകളെ അറിയുകയും അവയെ അവൻ പേർ ചൊല്ലി വിളിക്കയും ചെയ്യുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. അവൻ കാറ്റും കോളുമുള്ള കടലിലെ വെള്ളത്തിന്മേൽ നടന്നു വരുന്നതു കണ്ട പത്രൊസ് അവനോട് തന്നെ വെള്ളത്തിൽ നടന്നടുക്കുവാൻ അനുവദിക്കണം എന്നാവശ്യപ്പെട്ടപ്പോൾ യേശു അനുവദിച്ചു. പക്ഷെ സംശയത്താൽ പത്രൊസ് മുങ്ങുവാൻ തുടങ്ങിയപ്പോൾ യേശു അവനെ പിടിച്ചു. യേശു പത്രൊസിന് വ്യക്തിപരമായ ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു.

അവൻ അപ്പൊസ്തലനാകുവാൻ തിരഞ്ഞെടുത്തത് വ്യക്തികളെയാണ്. സഹോദരന്മാരെ ഉറപ്പിച്ചുകൊൾക എന്ന വ്യക്തിപരമായ ദൗത്യമാണ് കർത്താവ് പത്രൊസിന് നൽകിയത്. വ്യക്തികളായിട്ടായിരുന്നു യേശു ഓരോരുത്തരേയും തന്റെ ശിഷ്യന്മാരാകുവാൻ ക്ഷണിച്ചത്. കർത്താവിന്റെ സൗജന്യമായ രക്ഷയെ ആരും നിരസിക്കാതിരിക്കണം എന്നതാണ് ദൈവേഷ്ടം.

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!